25
2026
ജൂൺ
വ്യാഴം
മിഥുനം 11

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 126 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-126 പേജ് 4. വില 2.00 രൂപ



02 ഹോട്ടലിൻെറ മറവിൽ ലഹരിക്കച്ചവടം; എംഡിഎംഎയുമായി ഉടമ പിടിയിൽ

03 മുനോസ് മിന്നി; കോംഗോയെ തകർത്ത് കൊളംബിയ നോക്കൗട്ടിൽ

04 ഹോർമുസിലെ നികുതി നീക്കത്തെ തള്ളി യുഎസ്; സമാധാനശ്രമങ്ങളിൽ വീണ്ടും വിള്ളൽ


# 20 കൗൺസിലർമാരുടെ സത്യപ്രതിജ്ഞ അസാധു



- കോടതി വിധി അംഗീകരിക്കുന്നെന്ന് മേയർ
- ഒരിക്കൽ കൂടി സത്യപ്രതിജ്ഞ ചെയ്യും

കൊച്ചി : ദേവിദേവൻമാരുടെയും ബലിദാനികളുടെയും ഭാരതാംബയുടെയും നാമത്തിൽ തിരുവനന്തപുരം കോർപറേഷനിലെ 20 ബിജെപി കൗൺസിലർമാർ സത്യപ്രതിജ്ഞ ചെയ്തത് അസാധുവാണെന്ന് ഹൈക്കോടതി. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ മൂന്നാം ഷെഡ്യൂൾ പ്രകാരം ദൈവനാമത്തിലുള്ള സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ആണ് ചെയ്യേണ്ടത്. ഇതിൽ നിന്നു വ്യത്യസ്തമായിട്ടുള്ള സത്യപ്രതിജ്ഞ അസാധുവാണെന്നു ചൂണ്ടിക്കാട്ടി കോർപറേഷനിലെ സിപിഎം പാർലമെന്ററി പാർട്ടി ലീഡർ എസ്.പി.ദീപക് നൽകിയ ഹർജിയിലാണ് ജസ്റ്റിസ് പി.വി.കുഞ്ഞിക്കൃഷ്ണന്റെ ഉത്തരവ്. നാലാഴ്ചയ്ക്കുള്ളിൽ ഇവർ വീണ്ടും സത്യപ്രതിജ്ഞ ചെയ്യണം.

അതേസമയം, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരിൽ പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി പഞ്ചായത്തിലെ മെമ്പർ സുനിൽ ചുവട്ടുപാടം ചെയ്ത സത്യപ്രതിജ്ഞയും ഹൈക്കോടതി റദ്ദാക്കി. 21ാം വാർഡ് ആയ പന്നിയങ്കരയിലെ മെമ്പറാണ് സുനിൽ ചുവട്ടുപാടം. 'ഈശ്വരന്റെ അനുഗ്രഹത്താൽ ഉമ്മൻ ചാണ്ടിയുടെ നാമത്താൽ' ആയിരുന്നു സുനിലിന്റെ സത്യപ്രതിജ്ഞ.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 143 പ്രകാരം മുനിസിപ്പാലിറ്റി കൗൺസിലർമാർ തങ്ങളുടെ ഓഫിസ് ചുമതലകൾ ഏറ്റെടുക്കുന്നതിന് മുൻപായി ചെയ്യുന്ന സത്യപ്രതിജ്ഞ മൂന്നാം ഷെഡ്യൂൾ പ്രകാരം 'ദൈവനാമത്തിൽ' അല്ലെങ്കിൽ 'ദൃഢപ്രതിജ്ഞ' എന്ന രീതിയിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ബിജെപി കൗൺസിലർമാർ സത്യപ്രതിജ്ഞ ചെയ്തത് 'ഗുരുദേവ നാമത്തിൽ', 'ഉദയന്നൂർ ദേവിയുടെ നാമത്തിൽ', 'ഭഗവത് നാമത്തിൽ', 'കാവിലമ്മയുടെ നാമത്തിൽ', 'ശ്രീ പത്മനാഭസ്വാമിയുടെ നാമത്തിൽ', 'ഭാരതാംബയുടെ നാമത്തിൽ' തുടങ്ങിയ രൂപങ്ങളിലാണെന്ന് ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയിരുന്നു. അതിനാൽ ഈ സത്യപ്രതിജ്ഞകൾ അസാധുവാണെന്നാണ് ഹർജിക്കാരൻ വാദിച്ചത്.

ദൈവങ്ങളുടെ പേരു പറഞ്ഞ് സത്യപ്രതിജ്ഞ ചെയ്തതിലെ ചട്ടലംഘനം ചൂണ്ടിക്കാട്ടിയത് സിപിഎമ്മാണ്. 20 കൗൺസിലർമാരുടെ സത്യപ്രതിജ്ഞ അസാധുവാക്കണമെന്ന് ആവശ്യപ്പെട്ട് സിപിഎം ജില്ലാ കലക്ടർക്കും മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസർക്കും പരാതി നൽകിയിരുന്നു. ദൈവങ്ങളുടെ പേരിൽ സത്യപ്രതിജ്ഞ ചെയ്തത് ചട്ടലംഘനമാണെന്നു ചൂണ്ടിക്കാട്ടി ജില്ലാ സെക്രട്ടറി വി.ജോയിയും എസ്.പി.ദീപക്കുമാണ് പരാതി നൽകിയത്. കോടതിലും പരാതി നൽകി.

ആർ. സുഗതൻ, കരമന അജിത്, ആർ.സി.ബീന, പി.സരിത, ദീപ എസ്.നായർ തുടങ്ങിയ ബിജെപി അംഗങ്ങൾ ശ്രീപത്മനാഭസ്വാമിയുടെ നാമത്തിലാണ് പ്രതിജ്ഞ ചെയ്തത്. 'ബലിദാനികൾ അമരന്മാർ' എന്നു പറഞ്ഞാണ് വലിയവിള കൗൺസിലർ വി.ജി. ഗിരികുമാർ പ്രതിജ്ഞ അവസാനിപ്പിച്ചത്. കുന്നുകുഴി കൗൺസിലർ എ.മേരി പുഷ്പവും കരുമം കൗൺസിലർ ജി.എസ്. ആശാനാഥും 'സ്വാമിയേ ശരണമയ്യപ്പാ...' ചൊല്ലി സത്യപ്രതിജ്ഞ അവസാനിപ്പിച്ചു. ഗുരുദേവൻ, ശ്രീകണ്ഠേശ്വരം മഹാദേവൻ, ഇരുംകുളങ്ങര ദുർഗാ ഭഗവതി ദേവി, ഉദിയന്നൂർ ദേവി തുടങ്ങിയ ദേവ പ്രതിഷ്ഠകളുടെ പേരിലും കൗൺസിലർമാർ സത്യപ്രതിജ്ഞ ചെയ്തു. ദൈവനാമത്തിൽ എന്നല്ലാതെ ദൈവങ്ങളുടെയും പേര് പറയാൻ ചട്ടപ്രകാരം കഴിയില്ലെന്നും ആ സാഹചര്യത്തിൽ ഇവരുടെ സത്യപ്രതിജ്ഞ നിയമവിരുദ്ധമാണെന്നുമാണ് പരാതിയിലുണ്ടായിരുന്നത്. സത്യവാചകത്തിൽ ഇല്ലാത്ത പേരുകൾ പറഞ്ഞുള്ള സത്യപ്രതിജ്ഞ നിയമപരമായി നിലനിൽക്കില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി.



# ആയിരത്തിന്റെ നിറവിൽ വിഴിഞ്ഞം തുറമുഖം

## ലൂസിയാന വന്നു, ചരിത്ര നിമിഷമായി

വിഴിഞ്ഞം : അന്താരാഷ്ട്ര തുറമുഖത്ത് 1000-ാമത് വാണിജ്യ കപ്പൽ തീരമണഞ്ഞു.

മദർഷിപ്പ് MSC Luciana ഇന്നു വൈകിട്ട് ഏകദേശം 5 മണിയോടെ തുറമുഖത്ത് എത്തിച്ചേർന്നു .

രണ്ട് വർഷത്തിൽ താഴെ സമയത്തിനുള്ളിൽ 1000 കപ്പലുകൾ കൈകാര്യം ചെയ്യുന്ന ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം ഇതിലൂടെ ശ്രദ്ധേയമായ നേട്ടം കൈവരിക്കുകയാണ്. തുറമുഖത്തിന്റെ ആദ്യ വാണിജ്യ കപ്പലായ San Fernando (Maersk) 2024 ജൂലൈ 11-നാണ് എത്തിയത്. പൂർണ്ണമായ വാണിജ്യ പ്രവർത്തനങ്ങൾ 2024 ഡിസംബർ 3-നാണ് ആരംഭിച്ചത്.

# കരിമണൽ സ്വകാര്യവത്കരണം എന്ന പ്രചാരണം തെറ്റ്; പ്രതിപക്ഷം ഇല്ലാക്കഥകൾ പ്രചരിപ്പിക്കുന്നു: മുഖ്യമന്ത്രി

തിരുവനന്തപുരം: കരിമണൽ സ്വകാര്യവത്കരണം എന്ന പ്രചാരണം തെറ്റെന്ന് മുഖ്യമന്ത്രി വി. ഡി സതീശൻ നിയമസഭയിൽ പറഞ്ഞു. പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്കരിക്കുമെന്ന ഒരു വാചകം ബജറ്റിൽ പറഞ്ഞിട്ടില്ലെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ബജറ്റ് ചർച്ചയിൽ നിയമസഭയിൽ മറുപടി പറയവേയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

കേന്ദ്ര സംസ്ഥാന സംയുക്ത സംരംഭമാണ് ലക്ഷ്യം. വാല്യു അഡിഷൻ മാത്രമാണ് ഉദ്ദേശിച്ചത്. പ്രതിപക്ഷം ഇല്ലാക്കഥകൾ പ്രചരിപ്പിക്കുകയാണെന്നും ആലപ്പുഴയിലെ കരിമണൽ ആരാണ് കൊണ്ട് പോകുന്നതെന്നും മുഖ്യമന്ത്രി ചോദിച്ചു.

പുതിയ സാമ്പത്തിക പോളിസിയാണ് യുഡിഎഫിനുള്ളത്. അതിന് സ്വകാര്യ നിക്ഷേപം വേണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്വകാര്യ പങ്കാളിത്തത്തോടെയാണ് വികസനം വരേണ്ടത്. വരുമാനമുണ്ടാക്കുന്ന പദ്ധതികൾക്കാണ് മുൻതൂക്കമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രോജക്ട് ഇംപ്ലിമെൻറേഷന് പ്രോട്ടോകോൾ ഉണ്ടാക്കും. പദ്ധതികൾ അനാവശ്യമായി ഇഴയാൻ സമ്മതിക്കില്ല. നയാപൈസയുടെ നികുതി ഭാരം ജനങ്ങളിൽ അടിച്ചേൽപ്പിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.



## ബിശ്വനാഥ് സിൻഹ പുതിയ ചീഫ് സെക്രട്ടറി

തിരുവനന്തപുരം: കേരളത്തിൻറെ പുതിയ ചീഫ് സെക്രട്ടറിയായി മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥൻ ബിശ്വനാഥ് സിൻഹയെ നിയമിക്കാൻ ഇന്ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. നിലവിലെ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് ഈ മാസം 30ന് വിരമിക്കുന്ന ഒഴിവിലാണ് ഈ നിയമനം.സംസ്ഥാന സർവീസിലെ ഏറ്റവും മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥനായ അദ്ദേഹം 1992 ബാച്ച് കേരള കേഡർ ഓഫീസറാണ്. നിലവിൽ സംസ്ഥാന ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയാണ്. ഇതോടൊപ്പം ജലവിഭവം, കോസ്റ്റൽ ഷിപ്പിംഗ് എന്നീ സുപ്രധാന വകുപ്പുകളുടെ ചുമതലയും അദ്ദേഹം വഹിക്കുന്നുണ്ട്. ബിഹാർ സ്വദേശിയായ ബിശ്വനാഥ് സിൻഹ ഡൽഹി സർവകലാശാലയിൽ നിന്നാണ് പഠനം പൂർത്തിയാക്കിയത്.

# എസ്ഐമാർക്ക് വീണ്ടും സ്റ്റേഷൻ ചുമതല

തിരുവനന്തപുരം: സംസ്ഥാനത്തെ പോലീസ് സ്റ്റേഷൻ ഭരണസംവിധാനം അപ്പാടെ പരിഷ്കരിക്കാനും, സ്റ്റേഷൻ ഹൗസ് ഓഫീസർ ചുമതല വീണ്ടും സബ് ഇൻസ്പെക്ടർമാർക്ക് കൈമാറാനുമുള്ള ഉന്നതതല സമിതിയുടെ ശുപാർശയ്ക്കെതിരെ സേനയ്ക്കുള്ളിൽ നിന്ന് തന്നെ കടുത്ത വിയോജിപ്പും ആശങ്കകളും ഉയരുന്നു. ഈ പുതിയ പരീക്ഷണം വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നാണ് മുതിർന്ന ഉദ്യോഗസ്ഥർ ചൂണ്ടിക്കാണിക്കുന്നത്.

മുൻപ് എസ്ഐമാർ സ്റ്റേഷൻ ഭരിച്ചിരുന്ന കാലത്ത് കസ്റ്റഡി മർദന പരാതികൾ വ്യാപകമായിരുന്നു. 201617 കാലഘട്ടത്തിൽ ഇത് പരിധിവിട്ടപ്പോഴാണ് ഇൻസ്പെക്ടർമാരെ എസ്എച്ച്ഒമാരാക്കാൻ സർക്കാർ തീരുമാനിച്ചതും, അതിലൂടെ കസ്റ്റഡി പീഡനങ്ങൾ വലിയ അളവിൽ കുറയ്ക്കാനായതും. വീണ്ടും പഴയ രീതിയിലേക്ക് മടങ്ങുന്നത് ലോക്കപ്പുകളിൽ മൂന്നാംമുറ തിരിച്ചെത്തിക്കാൻ മാത്രമേ ഉപകരിക്കൂ എന്ന ഭീതി ശക്തമാണ്.

പുതിയതായി നേരിട്ട് നിയമനം ലഭിക്കുന്ന, ഭരണപരമോ നിയമപരമോ ആയ പ്രായോഗിക പരിചയമില്ലാത്ത എസ്ഐമാർക്ക് പദവി നൽകുന്നത് ഭരണപരാജയത്തിന് കാരണമാകും. ദീർഘകാലമായി ജോലി ചെയ്യുന്നവർക്ക് സ്റ്റേഷൻ ചുമതല ലഭിക്കാതെ വരികയും, രാഷ്ട്രീയ സ്വാധീനമുള്ളവർ മാത്രം ലോക്കൽ പോസ്റ്റിംഗുകൾ നേടിയെടുക്കുകയും ചെയ്യുന്ന സാഹചര്യവും ഉണ്ടാകാം. ഇത് നിഷ്പക്ഷരായ ഉദ്യോഗസ്ഥരെ ബാധിക്കും.

ആവശ്യത്തിന് അംഗബലമോ അടിസ്ഥാന സൗകര്യങ്ങളോ നൽകാതെ തുടങ്ങാൻ ഉദ്ദേശിക്കുന്ന പുതിയ പോക്സോ അന്വേഷണ ഡിവിഷനുകൾ, നിലവിലെ നാർക്കോട്ടിക് ഡിവൈഎസ്പി ഓഫീസുകൾ നേരിടുന്ന അതേ ദുരവസ്ഥയിലാകും. നിലവിലെ ഇൻസ്പെക്ടർഎസ്എച്ച്ഒ സംവിധാനത്തിൻറെ പോരായ്മകൾ പരിഹരിക്കാൻ ഇൻസ്പെക്ടർമാരുടെ സ്ഥലമാറ്റ അധികാരം റേഞ്ച് ഡിഐജിമാർക്കോ ജില്ലാ എസ്പിമാർക്കോ നൽകിയാൽ മാത്രം മതിയാകുമെന്നാണ് പോലീസ് സേനയ്ക്കുള്ളിലെ അഭിപ്രായം.

# വാണിയപ്പാറ പള്ളി കല്ലറയിലെ ദുരൂഹത നീങ്ങി; മൂന്നാമതൊരു മൃതദേഹമില്ല

കണ്ണൂർ: വാണിയപ്പാറ ഇൻഫൻറ് ജീസസ് പള്ളി സെമിത്തേരിയിലെ ദുരൂഹതകൾ നീങ്ങി. കല്ലറയിൽ രേഖകളിലില്ലാത്ത മൃതദേഹം അടക്കിയിട്ടില്ലെന്ന് കല്ലറ തുറന്നുള്ള പരിശോധനയിൽ വ്യക്തമായി.

വൻ പോലീസ് സംഘത്തിൻറെയും, ഫോറൻസിക് ഉദ്യോഗസ്ഥരുടെയും, പോലീസ് സർജൻറെയും പള്ളി വികാരി ഉൾപ്പെടെയുള്ളവരുടെയും സാന്നിധ്യത്തിലായിരുന്നു 38ാം നമ്പർ കല്ലറ തുറന്നത്. കല്ലറയിൽ നിന്ന് ലഭിച്ച മൃതദേഹാവശിഷ്ടങ്ങൾ ഡിഎൻഎ പരിശോധനയ്ക്ക് വിധേയമാക്കുമെന്ന് പോലീസ് പറഞ്ഞു.

കല്ലറയിലെ പെട്ടി 2015 ൽ അടക്കം ചെയ്ത ജെയിംസ് കൂമ്പുക്കലിൻറേതാണെന്നും കല്ലറയിൽ കണ്ട പായ 2006ൽ സംസ്കരിച്ച മറിയത്തിൻറേതാണെന്നുമാണ്




# പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ജൂൺ 28ന്; അഞ്ച് വയസുവരെയുള്ള 19.8 ലക്ഷം കുഞ്ഞുങ്ങൾക്ക് പോളിയോ തുള്ളിമരുന്നു നൽകും

ഭാരതത്തെ പോളിയോ വിമുക്തമാക്കുന്നത് ലക്ഷ്യമിട്ട് ദേശവ്യാപകമായി നടത്തുന്ന പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ സംസ്ഥാനത്ത് ജൂൺ 28 ഞായറാഴ്ച നടക്കുമെന്ന് ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ അറിയിച്ചു. പരിപാടിയുടെ ക്രമീകരണങ്ങൾ പൂർത്തിയായതായും ജൂൺ 28ന് തന്നെ അഞ്ചു വയസ്സിനു താഴെയുള്ള എല്ലാ കുഞ്ഞുങ്ങൾക്കും ഓരോ ഡോസ് തുള്ളിമരുന്ന് നൽകുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ മാതാപിതാക്കളും രക്ഷാകർത്താക്കളും ശ്രദ്ധിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ തൈക്കാട് മാതൃ-ശിശു ആശുപത്രിയിൽ ജൂൺ 28 ഞായറാഴ്ച രാവിലെ 8 നു നിർവഹിക്കും. ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ അധ്യക്ഷത വഹിക്കും, ഡോ. ശശി തരൂർ എം.പി, തിരുവനന്തപുരം കോർപറേഷൻ മേയർ വി.വി രാജേഷ് മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിക്കും.

സംസ്ഥാനത്ത് അഞ്ചുവയസ്സിനു താഴെയുളള 19,80,224 കുട്ടികൾക്കാണ് തുള്ളിമരുന്ന് നൽകുക. ഇതിനായി 22,288 ബൂത്തുകൾ സജ്ജീകരിക്കും. തുള്ളിമരുന്ന് നൽകാൻ 46,663 സന്നദ്ധപ്രവർത്തകരെ പരിശീലനം നൽകി നിയോഗിക്കും. സർക്കാർ ആശുപത്രികൾ, ആരോഗ്യകേന്ദ്രങ്ങൾ, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, നഗരാരോഗ്യ കേന്ദ്രങ്ങൾ, അങ്കണവാടികൾ, സ്വകാര്യ ആശുപത്രികൾ, വായനശാലകൾ, സ്കൂളുകൾ, സന്നദ്ധ സംഘടനകളുടെ കെട്ടിടങ്ങൾ എന്നിവയുൾപ്പെടെ ജനങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ സ്ഥലങ്ങളിൽ ബൂത്തുകൾ ക്രമീകരിക്കും.സാധാരണ ബൂത്തുകൾക്ക് പുറമേ യാത്രാവേളയിൽ കുഞ്ഞുങ്ങൾക്ക് വാക്സിൻ നകുന്നതിനു 539 ട്രാൻസിറ്റ് ബൂത്തുകൾ, 283 മൊബൈൽ ബൂത്തുകൾ, 9 ഉത്സവ/ മേളകളിലെ ബൂത്തുകൾ എന്നിവയും ക്രമീകരിക്കും. റെയിൽവെ സ്റ്റേഷൻ, ബസ്സ്റ്റാൻറ്, ബോട്ടുജെട്ടി എന്നിവിടങ്ങളിലാകും ട്രാൻസിറ്റ് ബൂത്തുകൾ പ്രവർത്തിക്കുക. അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങൾ, ദുർഘട പ്രദേശങ്ങൾ, ഉത്സവസ്ഥലങ്ങൾ, കല്യാണമണ്ഡപങ്ങൾ എന്നിവയുൾപ്പെടെ ജനങ്ങൾ എത്തുന്ന സ്ഥലങ്ങളിൽ മരുന്ന് നൽകുന്നതിനാണ് മൊബൈൽ ബൂത്തുകൾ.

1980കളിൽ രാജ്യത്ത് പ്രതിവർഷം ഒന്നര ലക്ഷത്തിലധികം കുട്ടികൾക്ക് അംഗവൈകല്യത്തിനു കാരണമായ പോളിയോ രോഗം 1995 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ആരംഭിച്ചതിനു ശേഷം ക്രമമായി കുറച്ചു കൊണ്ടുവന്ന് 2011 ന് ശേഷം ഭാരതത്തിൽ നിന്ന് പോളിയോ വൈറസിനെ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചു. 2026 ജനുവരി 13 ന് ഭാരതം പോളിയോ വിമുക്തമായി 15 വർഷം പിന്നിട്ടിരിക്കുകയാണ്. എന്നാൽ ഇന്ത്യയുടെ അയൽരാജ്യങ്ങൾ ഉൾപ്പടെ ചിലരാജ്യങ്ങളിൽ ഇപ്പോഴും രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പോളിയോ രോഗം ഭൂമുഖത്ത് നിന്നും തുടച്ചു നീക്കുന്നതിൻറെ അവസാന ഘട്ടത്തിലാണ് ലോകം എത്തിനിൽക്കുന്നത്. പോളിയോ നിർമ്മാർജ്ജന യജ്ഞത്തിൽ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉണ്ടാകണം.

പരിപാടിയുടെ പ്രചരണത്തിനായി ബാനറുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവയ്ക്ക് പുറമേ ഭവനസന്ദർശനവും നടത്തും. വാക്സിൻ, അവ സൂക്ഷിക്കാനുള്ള ഐഎൽആർ, ഡീപ് ഫ്രീസർ, കോൾഡ് ബോക്സ്, വാക്സിൻ കാരിയർ തുടങ്ങിയ ശീതീകരണ ഉപാധികളും തയ്യാറാക്കിയിട്ടുണ്ട്.പൾസ് പോളിയോ ദിനത്തിൽ ബൂത്തുകളിൽ എത്താത്ത കുഞ്ഞുങ്ങൾക്ക് ജൂൺ 29, 30 തിയതികളിൽ വീടുകളിലെത്തി വാക്സിൻ നൽകുന്നതാണ്. ആരോഗ്യ പ്രവർത്തകർക്ക് പുറമേ ആശാ, അങ്കണവാടി, കുടുംബശ്രീ പ്രവർത്തകർ എന്നിവരാണ് വാളൻറിയർമാർ. ആരോഗ്യവകുപ്പിൻറെ നേതൃത്വത്തിൽ ആരോഗ്യകേരളം, തദ്ദേശസ്വയംഭരണ വകുപ്പ്, വനിതാ-ശിശു വികസന വകുപ്പ്, പൊതുവിദ്യാഭ്യാസവകുപ്പ്, കുടുബശ്രീ മിഷൻ, സാക്ഷരതാ മിഷൻ തുടങ്ങിയ സർക്കാർ വകുപ്പുകളുടെയും റോട്ടറി ഇന്റർനാഷണൽ തുടങ്ങിയ സന്നദ്ധസംഘടനകളുടെയും ആഭിമുഖ്യത്തിലാണ് പരിപാടി നടക്കുക.

# ഫൈൻ ആർട്സ് കോളേജിൽ ലക്ചറർ ഒഴിവുകൾ

തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സിൽ ഗ്രാഫിക്സ് (പ്രിന്റ് മേക്കിങ്), പെയിന്റിംഗ്, ശിൽപകല വിഭാഗങ്ങളിലെ ലക്ചറർ തസ്തികകളിലേക്ക് താൽക്കാലിക/ ദിവസവേതന അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനായി ഇന്റർവ്യൂ നടത്തും ജൂലൈ 1 രാവിലെ 10 മണിക്ക് കോളേജ് ഓഫ് ഫൈൻ ആർട്സ് ക്യാമ്പസിലാണ് കൂടിക്കാഴ്ച. താൽപര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജനന തീയതി എന്നിവ തെളിയിക്കുന്ന അസൽ രേഖകളും പകർപ്പുകളും വിശദമായ ബയോഡാറ്റയും സഹിതം അന്നേദിവസം രാവിലെ 10 മണിക്ക് പ്രിൻസിപ്പാളിനു മുമ്പാകെ ഹാജരാകണം.

അംഗീകൃത സർവകലാശാലയിൽ നിന്ന് ഗ്രാഫിക്സിൽ (പ്രിന്റ് മേക്കിങ്) 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ഫസ്റ്റ് ക്ലാസ് അല്ലെങ്കിൽ സെക്കൻഡ് ക്ലാസ് ബിരുദാനന്തര ബിരുദം, അല്ലെങ്കിൽ 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ പെയിന്റിങ്ങിൽ ഫസ്റ്റ് ക്ലാസ് അല്ലെങ്കിൽ സെക്കൻഡ് ക്ലാസ് നാഷണൽ ഡിപ്ലോമയും ഗ്രാഫിക്സിൽ സെക്കൻഡ് ക്ലാസ് ബിരുദാനന്തര ബിരുദവുമാണ് ഗ്രാഫിക്സ് (പ്രിന്റ് മേക്കിങ്) ലക്ചറർ യോഗ്യത.

അംഗീകൃത സർവകലാശാലയിൽ നിന്ന് 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ പെയിന്റിങ്ങിൽ ഫസ്റ്റ് ക്ലാസ് അല്ലെങ്കിൽ സെക്കൻഡ് ക്ലാസ് ബിരുദം, അല്ലെങ്കിൽ പെയിന്റിങ്ങിൽ സെക്കൻഡ് ക്ലാസ് ബിരുദാനന്തര ബിരുദമാണ് പെയിന്റിംഗ് വിഭാഗം ലക്ചററുടെ യോഗ്യത.

അംഗീകൃത സർവകലാശാലയിൽ നിന്ന് 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ സ്കൾപ്ചറിൽ ഫസ്റ്റ് ക്ലാസ് അല്ലെങ്കിൽ സെക്കൻഡ് ക്ലാസ് ബിരുദം, അല്ലെങ്കിൽ സ്കൾപ്ചറിൽ സെക്കൻഡ് ക്ലാസ് ബിരുദാനന്തര ബിരുദവുമാണ് ശിൽപകല ലക്ചററുടെ യോഗ്യത.

# ഇനി കട്ടക്കല്ല, 'കടക'; ഒഡീഷയിലെ 64 സ്ഥലങ്ങളുടെ ഇംഗ്ലീഷ് അക്ഷരവിന്യാസം സർക്കാർ തിരുത്തി

ഭുവനേശ്വർ: ഒഡീഷയിലെ പ്രശസ്ത നഗരമായ കട്ടക്കിൻറെ ഇംഗ്ലീഷ് പേര് ഇനി മുതൽ 'കടക' എന്നായിരിക്കും. കൊളോണിയൽ കാലഘട്ടത്തിൽ മാറ്റം വരുത്തിയ ഇംഗ്ലീഷ് അക്ഷരവിന്യാസങ്ങൾ തിരുത്തി, ഒഡിയ ഭാഷയിലെ യഥാർത്ഥ ഉച്ചാരണത്തിന് അനുയോജ്യമാക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്തെ 64 സ്ഥലങ്ങളുടെ പേരുകളിലാണ് ഒഡീഷ സർക്കാർ മാറ്റം വരുത്തിയത്. റവന്യൂ-ദുരന്ത നിവാരണ വകുപ്പ് ഇതുസംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിച്ചു.

ഒഡീഷയുടെ സാംസ്കാരികവും ഭാഷാപരവുമായ ഐഡൻറിറ്റി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ നടപടി. സ്ഥലങ്ങളുടെ യഥാർത്ഥ പേരിൽ മാറ്റമില്ലെന്നും ഇംഗ്ലീഷ് അക്ഷരവിന്യാസത്തിൽ മാത്രമാണ് ഈ മാറ്റമെന്നും അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. കട്ടക്കിന് പുറമേ മറ്റ് പ്രധാന നഗരങ്ങളായ ബാലസോർ ഇനി മുതൽ 'ബാലേശ്വർ' എന്നും, റൂർക്കേല 'റൗർക്കേല' എന്നും അറിയപ്പെടും.

ജ്ഞാനപീഠ പുരസ്കാര ജേതാവ് ഡോ. പ്രതിഭ റായുടെ നേതൃത്വത്തിലുള്ള ഉന്നതതല സമിതി സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിലാണ് മന്ത്രിസഭ ഈ തീരുമാനമെടുത്തത്. ഇതനുസരിച്ച് 12 ജില്ലകൾ ഉൾപ്പെടെ 64 അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളുടെ പേരുകൾ മാറും. സർക്കാർ രേഖകൾ, മാപ്പുകൾ, സൈൻ ബോർഡുകൾ എന്നിവയിലെല്ലാം ഇനി മുതൽ പുതിയ അക്ഷരവിന്യാസമായിരിക്കും ഉപയോഗിക്കുക.

കേന്ദ്ര ആഭ്യന്തര മന്ത്രാലയം, റെയിൽവേ, പോസ്റ്റൽ വകുപ്പ് എന്നിവയോടും ഔദ്യോഗിക രേഖകളിൽ ഈ മാറ്റങ്ങൾ വരുത്താൻ ഒഡീഷ സർക്കാർ ആവശ്യപ്പെടും. അതേസമയം, നിലവിലുള്ള സർട്ടിഫിക്കറ്റുകളെയോ ആധാരങ്ങളെയോ ഈ തീരുമാനം ബാധിക്കില്ല.

# എൻജിനിയറിംഗ് കോളജുകൾ നേരിടുന്ന വെല്ലുവിളികൾ: ഇടപെടുമെന്നു ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെ ഉറപ്പ്

തിരുവനന്തപുരം: സംസ്ഥാനത്തെ എൻജിനിയറിംഗ് കോളജുകൾ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ സംയുക്ത ഇടപെടൽ ശക്തമാക്കുമെന്നു ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം .ജോൺ. എൻജിനിയറിംഗ് കോളജ് അസോസിയേഷൻ പ്രതിനിധികൾ, സർവകലാശാല അധികൃതർ ഉൾപ്പെടെയുള്ളവരുമായി നടത്തിയ ചർച്ചയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ മാനേജുമെൻറുകളുമായി സഹകരിച്ച് പ്രവർത്തിക്കും. കോളജുകളിലെ പ്രവേശന നടപടികളും അലോട്ട്മെൻറും സമയബന്ധിതമായി പൂർത്തിയാക്കും. വിദ്യാർഥി സൗഹൃദവും സുതാര്യവും കാര്യക്ഷമവുമായ പ്രവേശന സംവിധാനം ഉറപ്പാക്കുന്നതിനൊപ്പം, ഉന്നത വിദ്യാഭ്യാസ മേഖലയിൽ എല്ലാവർക്കും തുല്യമായ അവസരങ്ങൾ നൽകുകയെന്നത് സർക്കാരിൻറെ പ്രധാന ഉത്തരവാദിത്തമാണെന്നും യോഗത്തിൽ മന്ത്രി വ്യക്തമാക്കി.

# പോളിടെക്നിക് ഡിപ്ലോമ പ്രവേശനം: ട്രയൽ അലോട്ട്മെന്റ്

2026-27 അധ്യയന വർഷത്തെ പോളിടെക്നിക് ഡിപ്ലോമ പ്രവേശനത്തിന്റെ പ്രൊവിഷണൽ റാങ്കും ട്രയൽ അലോട്ട്മെന്റും പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക www.polyadmission.org യിൽ അപ്ലിക്കേഷൻ നമ്പർ, രജിസ്ട്രേഷൻ നമ്പർ, മൊബൈൽ നമ്പർ ഇവയിൽ ഏതെങ്കിലും ഒന്നും ജനന തീയതിയും നൽകി 'Trial Rank Details, Trial allotment details' ലിങ്കുകൾ വഴി അവരവരുടെ ട്രയൽ റാങ്കും ലഭിക്കാൻ സാധ്യതയുള്ള അലോട്ട്മെന്റും പരിശോധിക്കാം. അപേക്ഷകർക്ക് ഓൺലൈനായി ഓപ്ഷനുകളിൽ മാറ്റം വരുത്താനും അപേക്ഷകളിൽ തിരുത്തലുകൾ നടത്തുന്നതിനും ജൂൺ 26 വൈകിട്ട് 5വരെ സമയമുണ്ട്.ഓൺലൈൻ തിരുത്തലുകൾക്ക് ബുദ്ധിമുട്ട് നേരിടുന്നവരും ,സംശയ നിവാരണങ്ങൾക്കും ഏറ്റവും അടുത്തുള്ള ഗവ./എയിഡഡ്/ ഗവ കോസ്റ്റ് ഷേയറിംഗ് (IHRD/ CAPE) പോളിടെക്നിക് കോളേജിലെ ഹെല്പ് ഡെസ്ക്കുമായി ബന്ധപ്പെടണം

# 2026 ജൂൺ 24 – ലെ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ

1. 1992 ഐ എ എസ് ബാച്ചുകാരനായ ബിശ്വനാഥ് സിൻഹയെ ചീഫ് സെക്രട്ടറിയായി നിയമിക്കാൻ തീരുമാനിച്ചു. നിലവിലെ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് ജൂൺ 30 ന് വിരമിക്കുന്ന ഒഴിവിലേക്കാണ് നിയമനം.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണറായി എൻ. ശേഷാദ്രിനാഥനെ നിയമിക്കാൻ ഗവർണറോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു. എറണാകുളം സ്വദേശിയായ ശേഷാദ്രിനാഥൻ വിരമിച്ച ജില്ലാ ജഡ്ജിയാണ്.

3. ലോകായുക്ത സ്പെഷൽ ഗവൺമെന്റ് പ്ലീഡറായി എൻ. അനിൽകുമാറിനെ നിയമിക്കാൻ തീരുമാനിച്ചു.

4. കേരള ഹൈക്കോടതിയിൽ നാല് സ്പെഷൽ ഗവൺമെന്റ് പ്ലീഡർമാരെയും 12 സീനിയർ ഗവൺമെന്റ് പ്ലീഡറമാരെയും 24 ഗവൺമെന്റ് പ്ലീഡർമാരെയും നിയമിക്കാൻ തീരുമാനിച്ചു.

5. ബംഗലുരു ശിവജി നഗർ ആശുപത്രി കെട്ടിടത്തിന്റെ മതിൽ ഇടിഞ്ഞു വീണ് മരിച്ച മൂന്ന് കുടുംബശ്രീ പ്രവർത്തകരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ വീതം അനുവദിക്കും.

6. കൊട്ടാരക്കര നീലേശ്വരത്ത് വാഹനാപകടത്തിൽ മരിച്ച മൂന്നു പേരുടെ കുടുംബത്തിന് 5 ലക്ഷം രൂപ വീതം ധനസഹായം നൽകും. പരിക്കേറ്റ് കഴിയുന്നവരുടെ ചികിത്സാ ചെലവ് സർക്കാർ ഏറ്റെടുക്കും.

7. ഇടുക്കി ജില്ലയിലെ ഇടുക്കി, കരിമണ്ണൂർ, കട്ടപ്പന, മുരിക്കാശ്ശേരി, നെടുങ്കണ്ടം, രാജകുമാരി എന്നീ ആറ് പ്രത്യേക ഭൂമി പതിവ് ഓഫീസുകളിലെയും തൃശൂർ ജില്ലയിലെ തൃശൂർ (എൽ.എ) യൂണിറ്റ് നമ്പർ 1 സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയത്തിലെയും പീരുമേട് ഭൂമി പതിവ് ഓഫീസിലെയും നേമം റെയിൽ പാതയ്ക്ക് ഭൂമി ഏറ്റെടുക്കാനുള്ള സ്പെഷൽ തഹസീൽദാർ ഓഫീസിലെയും 243 തസ്തികകൾ ഒരു വർഷത്തേക്ക് കൂടി തുടരാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.

# സംയോജിത പഞ്ചവത്സര എൽ.എൽ.ബി ഓൺലൈൻ പ്രവേശന പരീക്ഷ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്യാം

ജൂൺ 28ന് നടത്തുന്ന ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ (www.cee.kerala.gov.in) നിന്നും ഡൗൺലോഡ് ചെയ്യാം. വെബ്സൈറ്റിലെ ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന Integrated 5 Yr LLB 2026-Candidate Portal പേജിൽ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും കൃത്യമായി നൽകിയതിനു ശേഷം 'അറാശ ഇമൃറ' എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാം.

അപ്‌ലോഡ് ചെയ്ത ഓൺലൈൻ അപേക്ഷയിലെ അപാകതകൾ മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവച്ചിട്ടുണ്ട്. അവർക്ക് ഹോം പേജിലെ 'ങലാീ' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദ വിവരങ്ങൾ കാണാം. അത്തരം അപേക്ഷകർ ബന്ധപ്പെട്ട രേഖകൾ www.cee.kerala.gov.in വെബ്സെറ്റിലൂടെ ജൂൺ 26 ഉച്ചയ്ക്ക് 2ന് മുമ്പായി അപ്‌ലോഡ് ചെയ്യണം. തപാൽ/ ഇ-മെയിൽ/ ഫാക്സ് മുഖേന സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്നതല്ല. വിശദവിവരങ്ങൾക്ക് : www.cee.kerala.gov.in, : 0471 2332120, 2338487.

# നൈപുണ്യ വികസന കോഴ്സുകൾ; പരിശീലന സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസൽ ക്ഷണിച്ചു

2026-27 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലന പദ്ധതിയുടെ ഭാഗമായി രണ്ട് റസിഡൻഷ്യൽ തൊഴിൽ പരിശീലന കോഴ്സുകൾ നടത്തുന്നതിനായി അംഗീകൃത നൈപുണ്യ വികസന പരിശീലന സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസലുകൾ ക്ഷണിച്ചു. 'ആംഡ് ഫോഴ്സസ് പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിങ് (മെൻ ലെവൽ)' കോഴ്സിന് 10 മാസമാണ് ദൈർഘ്യം. 30 വിദ്യാർഥികൾക്ക് പരിശീലനം നൽകും. കൂടാതെ, 'എയർലൈൻ എയർപോർട്ട് ഓപ്പറേഷൻ ഫണ്ടമെന്റൽസ്' കോഴ്സിന് 12 മാസമാണ് ദൈർഘ്യം. 20 വിദ്യാർഥികൾക്ക് പരിശീലനം നൽകും. ഈ കോഴ്സിന്റെ അസസ്മെന്റും സർട്ടിഫിക്കേഷനും ഇന്റർനാഷണൽ എയർ ട്രാവൽ അസോസിയേഷൻ (കഅഠഅ) മുഖേന ആയിരിക്കണം.

പ്രൊപ്പോസൽ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ, നടത്തിവരുന്ന കോഴ്സുകളുടെ വിവരങ്ങൾ, പരിശീലകരുടെ യോഗ്യത, സർക്കാർ, അർധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ മുമ്പ് നടത്തിയ നൈപുണ്യ പരിശീലനങ്ങളുടെ വിശദാംശങ്ങൾ, അഡ്മിഷൻ ലഭിച്ചതും പ്ലേസ്മെന്റ് ലഭിച്ചതുമായ വിദ്യാർഥികളുടെ വിവരങ്ങൾ, തിയറി, പ്രാക്ടിക്കൽ ക്ലാസുകളുടെ മണിക്കൂർ വിവരങ്ങൾ, ഹോസ്റ്റൽ സൗകര്യങ്ങളുടെ വിശദാംശങ്ങൾ, ധനകാര്യ വിശകലനം, ഫീസ് ഘടന, സ്റ്റൈപ്പൻഡ്, യൂണിഫോം ചെലവുകൾ, പ്രവൃത്തിപരിചയം, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിക്കണം.

എയർലൈൻ എയർപോർട്ട് ഓപ്പറേഷൻ ഫണ്ടമെന്റൽസ് കോഴ്സിനായി പ്ലേസ്മെന്റ് നൽകാൻ ലക്ഷ്യമിടുന്ന സ്ഥാപനങ്ങളുടെ വിവരങ്ങളും അനുബന്ധ രേഖകളും ഹാജരാക്കണം. ഐഎടിഎ നിർദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപനത്തിൽ ഉണ്ടായിരിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് ദൈർഘ്യമനുസരിച്ച് കുറഞ്ഞത് 15,000 മുതൽ 25,000 രൂപ മാസശമ്പളമുള്ള തൊഴിൽ ലഭ്യമാക്കണമെന്നും വ്യവസ്ഥയുണ്ട്.

പ്രൊപ്പോസൽ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ സർക്കാർ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും യാതൊരു പോലീസ് അല്ലെങ്കിൽ വിജിലൻസ് അന്വേഷണവും നേരിടുന്നില്ലെന്നും സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലവും നൽകണം. ട്രെയിനിങ് കോഴ്സിനുള്ള പ്രൊപ്പോസലുകൾ 2026 ജൂലൈ 8 വൈകിട്ട് 5 മണിക്കകം ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471-2303229, ടോൾ ഫ്രീ നമ്പർ 1800 425 2312.

# വാക് ഇൻ ഇന്റർവ്യൂ

കേരള മഹിളാ സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ വനിത ശിശുവികസന വകുപ്പിന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ സെന്ററിൽ ഒഴിവുള്ള കെയർ ടേക്കർ തസ്തികയിലേക്ക് സ്ത്രീ ഉദ്യോഗാർഥികൾക്കായി വാക് ഇൻ ഇന്റർവ്യൂ നടത്തും. പ്ലസ്ടു/ പ്രിഡിഗ്രിയാണ് യോഗ്യത. 25 വയസ് പൂർത്തിയാകണം. 30-40 പ്രായപരിധിയിലുള്ളവർക്ക് മുൻഗണന നൽകും. പ്രതിമാസം 12,000 രൂപയാണ് വേതനം.

നിർദ്ദിഷ്ഠ യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജൂൺ 30 രാവിലെ 11ന് തിരുവനന്തപുരം, ജില്ലാ ശിശു സംരക്ഷണ ഓഫീസിൽ പൂജപ്പുര വച്ച് നടക്കുന്ന ഇന്റർവ്യുവിന് ഹാജരാകണം.കൂടുതൽവിവരങ്ങൾക്ക് : . ഫോൺ: 0471 2348666, www.keralasamakhya.org.

# ഹോട്ടലിൻെറ മറവിൽ ലഹരിക്കച്ചവടം; എംഡിഎംഎയുമായി ഉടമ പിടിയിൽ

കൊച്ചി: കൊച്ചിയിൽ ഹോട്ടലിൻറെ മറവിൽ മയക്കുമരുന്ന് വിൽപ്പന. 3.60 ഗ്രാം എംഡിഎംഎയുമായി ഹോട്ടലുടമ അറസ്റ്റിൽ. ബോൾഗാട്ടി എന്ന ഹോട്ടലിൻറെ ഉടമ മുഹമ്മദ് യൂസഫ് ആണ് അറസ്റ്റിലായത്. ഹോട്ടലുകൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിൽപ്പന നടക്കുന്നുവെന്ന വിവരം ലഭിച്ചതിൻറെ അടിസ്ഥാനത്തിലാണ് ഡാൻസാഫ് യൂണിറ്റ് നാല് പ്രതിയുടെ വീട്ടിലെത്തി പരിശോധന നടത്തിയത്.

ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി ഇന്നലെ രാത്രി നടത്തിയ പരിശോധനയ്ക്കിടെയാണ് എംഡിഎംഎ പിടികൂടിയത്. ഇയാളെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത ശേഷം അറസ്റ്റ് രേഖപ്പെടുത്തി.

നഗരത്തിൽ മയക്കുമരുന്ന് എത്തിക്കുന്ന സംഘത്തിലെ പ്രധാന കണ്ണിയാണ് യൂസുഫ് എന്നാണ് അന്വേഷണ സംഘം പറയുന്നത്.

# പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സ്: സ്പോട്ട് അലോട്ട്മെന്റ് ജൂൺ 29ന്

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ നടത്തി വരുന്ന രണ്ടു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സിലേക്ക് 2026-27 വർഷത്തെ പ്രവേശനത്തിനുള്ള സ്പോട്ട് അലോട്ട്മെന്റ് ജൂൺ 29ന് എൽ.ബി.എസ് സെന്ററിന്റെ ജില്ലാ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളിൽ വച്ച് നടത്തും. www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ നേരിട്ട് ഹാജരായി രാവിലെ 11 മണിക്ക് മുൻപ് രജിസ്റ്റർ ചെയ്യണം. ഒഴിവുകളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ അലോട്ട്മെന്റിനു മുൻപ് പ്രസിദ്ധീകരിക്കും.അലോട്ട്മെന്റ് ലഭിക്കുന്നവർ അന്നേ ദിവസം തന്നെ നിർദ്ദിഷ്ട ഫീസ് ഒടുക്കണം. കൂടുതൽവിവരങ്ങൾക്ക്:0471 2560361,

# ത്രിവത്സര എൽ.എൽ.ബി ഓൺലൈൻ പ്രവേശന പരീക്ഷ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്യാം

ജൂൺ 28-ന് നടത്തുന്ന ത്രിവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ (www.cee.kerala.gov.in) നിന്നും ഡൗൺലോഡ് ചെയ്യാം.

വെബ്സൈറ്റിലെ ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന 'ത്രിവത്സര എൽ.എൽ.ബി 2026-ഇമിdidate Portal പേജിൽ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും കൃത്യമായി നൽകിയതിനുശേഷം 'അറാശ ഇമൃറ എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാം.

അപ്‌ലോഡ് ചെയ്ത ഓൺലൈൻ കാർഡുകൾ അപേക്ഷയിലെ അപാകതകൾ മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് തടഞ്ഞുവച്ചിട്ടുണ്ട്.

അവർക്ക് ഹോം പേജിലെ 'Memo' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദവിവരങ്ങൾ കാണാം. അത്തരം അപേക്ഷകർ ബന്ധപ്പെട്ട രേഖകൾ www.cee.kerala.gov.in വെബ്സൈറ്റിലൂടെ ജൂൺ 26 ഉച്ചയ്ക്ക് 2ന് മുമ്പായി അപ്‌ലോഡ് ചെയ്യണം. തപാൽ/ ഇ-മെയിൽ / ഫാക്സ് മുഖേന സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കില്ല. വിശദവിവരങ്ങൾക്ക് : www.cee.kerala.gov.in, ഫോൺ: 0471 2332120, 2338487.

# തിരുവനന്തപുരം നഗരസഭയിലെ ഭരണം കുത്തഴിഞ്ഞ നിലയിൽ; കെ.എസ്. ശബരീനാഥൻ

തിരുവനന്തപുരം: തിരുവനന്തപുരം നഗരസഭയിലെ ഭരണം കുത്തഴിഞ്ഞ നിലയിലെന്ന് കോൺഗ്രസ് നേതാവ് കെ.എസ്. ശബരീനാഥൻ. അഴിമതിക്കേസിൽ ബിജെപി കൗൺസിലർ സുഗതൻ ജയിലിലായതിനെ തുടർന്ന് നഗരസഭയിൽ കൗൺസിൽ യോഗങ്ങൾ പോലും ചേരുന്നില്ലെന്ന് കൗൺസിലർ കൂടിയായ അദ്ദേഹം വിമർശിച്ചു.നഗരത്തിലെ മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ച മട്ടാണ്. ഓരോ മാസവും നിർബന്ധമായും കൗൺസിൽ യോഗം കൂടണമെന്ന ചട്ടം തിരുവനന്തപുരം കോർപ്പറേഷനിൽ ലംഘിക്കപ്പെടുകയാണ്.ജയിലിലുള്ള കൗൺസിലർ സുഗതനെ സംരക്ഷിക്കാൻ വേണ്ടിയാണ് ബിജെപി കൗൺസിൽ യോഗം വിളിക്കാൻ മടിക്കുന്നത്.എങ്ങനെ ഭരണം മുന്നോട്ട് കൊണ്ടുപോകണം എന്നറിയാത്ത പ്രതിസന്ധിയിലാണ് ബിജെപി. 29–ാം തീയതി കൗൺസിൽ യോഗം ചേരുകയാണെങ്കിൽ, കോടതി നിർദേശിച്ച പ്രകാരമുള്ള സത്യപ്രതിജ്ഞ നടത്താൻ ഭരണസമിതി തയാറാകണം. കൗൺസിൽ യോഗം എത്രയും വേഗം വിളിച്ചുചേർക്കണം. നഗരസഭയിലെ അനാസ്ഥയ്ക്കും ഭരണസ്തംഭനത്തിനുമെതിരെ വരും ദിവസങ്ങളിൽ യുഡിഎഫ് ശക്തമായ സമരപരിപാടികളുമായി മുന്നോട്ട് പോകുമെന്നും അദ്ദേഹം പറഞ്ഞു.

# അരുണാചൽ പ്രദേശിൽ കനത്ത മഴ; നിരവധി വീടുകൾ തകർന്നു, മൂന്ന് പേരെ കാണാതായി

ഇറ്റാനഗർ: അരുണാചൽ പ്രദേശിലെ ലോവർ സുബാൻസിരി ജില്ലയിൽ ശക്തമായ പെയ്ത മഴയിൽ വൻ നാശനഷ്ടം. കനത്ത മഴയെ തുടർന്നുണ്ടായ മിന്നൽപ്രളയത്തിൽ മൂന്നു പേരെ കാണാതായി.

കനത്ത മഴയിൽ നദികളിലെ ജലപ്രവാഹം അപകടകരമാംവിധം ഉയർന്നതിനെത്തുടർന്ന് പന്യാർ ലോവർ ഹൈഡ്രോഇലക്ട്രിക് പ്രോജക്ടിലെ സ്പിൽവേ ഗേറ്റ് അധികൃതർ തുറന്നുവിട്ടു. ഇതോടെ, യാസാലി സർക്കിളിന് കീഴിലുള്ള പൂസക്ക് സമീപമുള്ള നീപ്കോ പ്രോജക്ട് കോളനിയിൽ നിർമാണത്തിലിരുന്ന സംരക്ഷണ ഭിത്തി തകർന്നത് പ്രളയത്തിന് കാരണമായി.

വെള്ളം കുത്തിയൊലിച്ച് കോളനിയിലും പരിസരത്തെ താഴ്ന്ന പ്രദേശങ്ങളിലും വെള്ളം കയറി. 18 വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്.

ദേശീയപാതയിൽ മണ്ണിടിച്ചിലുണ്ടായതിനെത്തുടർന്ന് ഗതാഗതം പൂർണമായും തടസപ്പെട്ടു. പ്രളയബാധിത പ്രദേശങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ അതീവ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദേശം നൽകി.

ധേമാജി, ലഖിംപുർ, ബിശ്വനാഥ്, സോനിത്പുർ ജില്ലകളിൽ ജലപ്രവാഹം നാശം വിതക്കാനിടയുണ്ടെന്നാണ് മുന്നറിയിപ്പ്. അയൽസംസ്ഥാനമായ ആസാമിലെ വിവിധ ജില്ലകളിൽ ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്.

# എംഎൽഎമാരുടെ നേതൃത്വത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ഓപ്പറേഷൻ തൂഫാൻ ദ നാർക്കോ ഹണ്ട് പ്രചാരണപരിപാടികൾക്ക് ജൂൺ 25ന് തുടക്കമാകും

മയക്കുമരുന്നുകളുടെ ഉപയോഗത്തിനും വിൽപ്പനക്കും വ്യാപനത്തിനുമെതിരെ സംസ്ഥാന ആഭ്യന്തര വകുപ്പ് തുടക്കം കുറിച്ച ഓപ്പറേഷൻ തൂഫാൻ ദ നാർക്കോ ഹണ്ടിന്റെ രണ്ടാം ഘട്ടമായ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പ്രചാരണപരിപാടികളുടെ ഉദ്ഘാടനം ജൂൺ 25ന് രാവിലെ 11 ന് എറണാകുളം സെന്റ് തെരേസാസ് കോളജിൽ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല നിർവ്വഹിക്കും. ടി.ജെ വിനോദ് എംഎൽഎ അധ്യക്ഷനായിരിക്കും. പരിപാടിയുടെ ഭാഗമായി നടക്കുന്ന കാർട്ടൂൺ മൽസരം, റീൽസ് മൽസരം എന്നിവയുടെ സമ്മാന വിതരണവും മുഖ്യപ്രഭാഷണവും ഹൈബി ഈഡൻ എംപി നിർവ്വഹിക്കും. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ, ഫിഷറീസ് – സാമൂഹ്യനീതി മന്ത്രി അബ്ദുൾ ഗഫൂർ, കൊച്ചി മേയർ വി.കെ മിനിമോൾ, ജില്ലാ കളക്റ്റർ ജി. പ്രിയങ്ക, ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസി വാര്യത്ത്, വി ഗാർഡ് ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പള്ളി, സെന്റ് തെരേസാസ് കോളജ് പ്രിൻസിപ്പൽ അനു ജോസഫ് എന്നിവർ ആശംസകൾ അർപ്പിക്കും. കൊച്ചി ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ അശ്വതി ജി ജി ആശംസകൾ നേരും.

ഉദ്ഘാടനത്തിന് ശേഷം ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല വിദ്യാർത്ഥികൾക്ക് തൂഫാൻ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. പ്രത്യേകം തെരെഞ്ഞെടുത്ത മൂന്ന് വിദ്യാർത്ഥികൾക്ക് തൂഫാൻ വാരിയർ ബാഡ്ജുകളും സമ്മാനിക്കും. വി–ഗാർഡ് ഇൻഡസ്ട്രീസ്, ഫെഡറൽ ബാങ്ക് എന്നീ സ്ഥാപനങ്ങൾക്കും തൂഫാൻ വാരിയർ ബാഡ്ജുകൾ ആഭ്യന്തരമന്ത്രി സമ്മാനിക്കും.

പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 2 ന് തിരുവനന്തപുരം കോട്ടൺഹിൽ ഹൈസ്കൂളിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവ്വഹിച്ചിരുന്നു. ഇതിന്റെ രണ്ടാംഘട്ടമായാണ് ഓരോ നിയോജകമണ്ഡലങ്ങളിലും എംഎൽഎമാരുടെ നേതൃത്വത്തിൽ ഓപ്പറേഷൻ തൂഫാൻ ദ നാർക്കോ ഹണ്ട് പ്രചാരണപരിപാടികൾ നടക്കുന്നത്.

## ഇരുമ്പുപാലം തകർന്ന് ട്രക്ക് നദിയിൽ വീണു

ഷിംല: ഇരുമ്പുപാലം തകർന്ന് ട്രക്ക് സത്‌ലജ് നദിയിൽ വീണു. നദിക്ക് കുറുകെയുള്ള പാലത്തിലൂടെ ട്രക്ക് കടന്നുപോകുന്നതിനിടെയാണ് സംഭവം. അപകടത്തിൽ ഡ്രൈവർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. റെക്കൊംഗ് പിയോയ്ക്കും ടാപ്രിക്കുമിടയിൽ ഉർണി ധങ്കിന് സമീപമാണ് സംഭവം.190 അടി നീളമുള്ള പാലത്തിലൂടെ മണൽ കയറ്റിവന്ന 10 ടയറുകളുള്ള ട്രക്ക് കടന്നുപോകുമ്പോഴായിരുന്നു അപകടം.

വാഹനത്തിൽ അമിതഭാരമുണ്ടായിരുന്നു എന്ന് അധികൃതർ അറിയിച്ചു. പരിക്കേറ്റ ലോറി ഡ്രൈവറെ സമീപത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പാലം തകർന്നതോടെ കിന്നൂരിനെയും ലാഹൗളിനെയും സ്പിതിയെയും ബന്ധിപ്പിക്കുന്ന പ്രധാന പാതയിലെ ഗതാഗതം തടസപ്പെട്ടു. വാഹനങ്ങൾ ബദൽ റൂട്ടുകളിലൂടെ തിരിച്ചുവിട്ടു. സംഭവത്തിൽ പോലീസ് മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

# കോൽക്കത്തയിൽ കെട്ടിടം തകർന്നുവീണ് അപകടം; മരണസംഖ്യ മൂന്നായി

കോൽക്കത്ത: പശ്ചിമബംഗാളിലെ കോൽക്കത്തയിൽ നിർമാണത്തിലിരുന്ന കെട്ടിടം തകർന്നുവീണ് മൂന്ന് മരണം. തരതല ബ്രേസ് ബ്രിഡ്ജ് റെയിൽവേ സ്റ്റേഷന് സമീപമുള്ള ഗോഡൗണിൻറെ മേൽക്കൂര തകർന്നുവീണ് ആണ് അപകടം സംഭവിച്ചത്.

കെട്ടിടത്തിൻറെ ഉള്ളിൽ കുടുങ്ങിക്കിടന്ന ഏഴ് തൊഴിലാളികളെ രക്ഷപ്പെടുത്തി. മരണ സംഖ്യ ഇനിയും ഉയരാൻ സാധ്യതയുണ്ടെന്നാണ് ലഭിക്കുന്ന വിവരം. കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽ 30ൽ അധികം ആളുകൾ കുടുങ്ങി കിടപ്പുണ്ടെന്നാണ് അധികൃതർ അറിയിക്കുന്നത്.

സംഭവ സ്ഥലത്ത് രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ഇന്ന് ഉച്ചയോടെയാണ് അപകടം സംഭവിച്ചത്. മുഖ്യമന്ത്രി സുവേന്ദു അധികാരി സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ട്.

# കെ. സി. വേണുഗോപാലിൻറെ വിജയം ചോദ്യം ചെയ്തുള്ള എ. എം. ആരിഫിൻെറ ഹർജി തള്ളി ഹൈക്കോടതി

കൊച്ചി: 2024–ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ആലപ്പുഴ മണ്ഡലത്തിൽ നിന്നുള്ള കോൺഗ്രസ് എം. പി കെ. സി. വേണുഗോപാലിൻറെ വിജയം ചോദ്യം ചെയ്ത് മുൻ എംപി എ. എം. ആരിഫ് സമർപ്പിച്ച തെരഞ്ഞെടുപ്പ് ഹർജി കേരള ഹൈക്കോടതി തള്ളി. ജസ്റ്റിസ് ജി. ഗിരീഷ് അടങ്ങിയ ബെഞ്ചാണ് ഹർജി നിരസിച്ചുകൊണ്ട് ഉത്തരവിട്ടത്. 'സിവിൽ നടപടി ചട്ട പ്രകാരമാണ് ഹൈക്കോടതി ഹർജി തള്ളിയത്. ഹർജി ഫയൽ ചെയ്തതിലുണ്ടായ സാങ്കേതിക പിഴവുകൾ മൂലം ഇത് നമ്പർ പോലും ചെയ്യപ്പെടാത്ത അവസ്ഥയിലായിരുന്നു. സംഭവവുമായി ബന്ധപ്പെട്ട വിശദമായ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കും. സിപിഎം നേതാവായ എ. എം. ആരിഫ്, ആലപ്പുഴയിലെ മുൻ എം. പിയും അരൂർ മണ്ഡലത്തിലെ മുൻ എംഎൽഎയുമാണ്. 2024–ലെ പൊതുതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിച്ച ആരിഫ്, എഐസിസി ജനറൽ സെക്രട്ടറി കൂടിയായ കെ. സി. വേണുഗോപാലിനോട് പരാജയപ്പെട്ടിരുന്നു. ഇതിനെതിരെയാണ് അദ്ദേഹം കോടതിയെ സമീപിച്ചത്.

# മുംബൈയിൽ കനത്ത മഴ

മുംബൈ: മുംബൈയിൽ കനത്ത മഴ തുടരുന്നു. ചൊവ്വാഴ്ച രാത്രി മുതൽ പെയ്ത മഴയെത്തുടർന്ന് ബുധനാഴ്ച രാവിലെ നഗരത്തിലെ വിവിധയിടങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ടു. മുംബൈ മെട്രോപൊളിറ്റൻ മേഖലയിലെ പല ഭാഗങ്ങളിലും കനത്ത മഴ തുടരുന്ന പശ്ചാത്തലത്തിൽ, കേന്ദ്ര കാലാവസ്ഥാ വകുപ്പ് ബുധനാഴ്ച പുലർച്ചെ നാലിന് മുംബൈയിലും പാൽഗറിലും മൂന്ന് മണിക്കൂർ നേരത്തേക്ക് റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്നു. ഈ സമയത്ത് ശക്തമായ ഇടിമിന്നലിനും മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗതയുള്ള കാറ്റിനും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു.

പിന്നീട് രാവിലെ ഏഴിന് ഈ മുന്നറിയിപ്പ് അടുത്ത മൂന്ന് മണിക്കൂർ നേരത്തേക്ക് ഓറഞ്ച് അലർട്ടായി കുറച്ചു. രാത്രി മുഴുവൻ പെയ്ത മഴയെത്തുടർന്ന് ബുധനാഴ്ച രാവിലെ പല ഭാഗങ്ങളിലും കനത്ത വെള്ളക്കെട്ട് രൂപപ്പെട്ടു.

കനത്ത മഴയെ തുടർന്ന് തുർബെ കോപ്പർഖൈറനെ ട്രാൻസ് ഹാർബർ റെയിൽ പാതയിൽ ട്രാക്കിന് താഴെയുള്ള മണ്ണ് ഒലിച്ചുപോയതോടെ ലോക്കൽ ട്രെയിൻ സർവീസുകൾ നിർത്തിവച്ചു. അറ്റകുറ്റപ്പണികൾ പുരോഗമിക്കുകയാണെന്ന് റെയിൽവേ അധികൃതർ അറിയിച്ചു. അന്ധേരിയിലെ അണ്ടർപാസും വെള്ളപ്പൊക്കത്തെ തുടർന്ന് അടച്ചിരിക്കുകയാണ്. വെള്ളത്തിൽ മുങ്ങിയ അണ്ടർപാസ് മുറിച്ചു കടക്കാൻ ശ്രമിച്ച ഓട്ടോ ഡ്രൈവർ അപകടത്തിൽപ്പെട്ടു.നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ മരങ്ങൾ കടപുഴകി വീണ് വാഹനങ്ങൾ തകർന്നു. അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് അധികൃതർ നിർദേശിച്ചു. അടുത്ത മണിക്കൂറുകളിലും കനത്ത മഴ തുടരുമെന്ന മുന്നറിയിപ്പിൻറെ പശ്ചാത്തലത്തിൽ ജാഗ്രത ശക്തമാക്കിയിട്ടുണ്ട്.

# പണം എണ്ണൽ മുതൽ സിസിടിവി അട്ടിമറി വരെ: അയോധ്യ രാമക്ഷേത്ര തട്ടിപ്പിൽ ഞെട്ടിക്കുന്ന കണ്ടെത്തലുകളുമായി പ്രത്യേക അന്വേഷണ സംഘം

അയോധ്യ: അയോധ്യ ശ്രീരാമ ജന്മഭൂമി തീർത്ഥ ക്ഷേത്ര ട്രസ്റ്റിൽ നടന്നതായി ആരോപിക്കപ്പെടുന്ന കോടികളുടെ കാണിക്കപ്പണം കവർച്ചാ കേസിൽ നിർണായക വിവരങ്ങൾ പുറത്തുവിട്ട് പ്രത്യേക അന്വേഷണ സംഘം. പണം എണ്ണുന്നതിലും സിസിടിവി നിരീക്ഷണത്തിലും ജീവനക്കാരെ നിയമിച്ചതിലും ഗുരുതരമായ വീഴ്ചകളും ആസൂത്രിതമായ അട്ടിമറികളും നടന്നതായി എസ്ഐടി സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ട് വ്യക്തമാക്കുന്നു.

ക്ഷേത്രത്തിലെ ക്യാമറകളിൽ നിന്നുള്ള പഴയ സിസിടിവി ദൃശ്യങ്ങൾ മനഃപൂർവം മായ്ച്ചുകളഞ്ഞതായി അന്വേഷണസംഘം കണ്ടെത്തി. നിലവിൽ 45 ദിവസത്തെ ദൃശ്യങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഫോറൻസിക് പരിശോധനയിലൂടെ ബാക്കി വിവരങ്ങൾ വീണ്ടെടുക്കാനുള്ള ശ്രമത്തിലാണ് പോലീസ്. പണം എണ്ണുന്ന റൂമുകളിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ചില ജീവനക്കാർ തട്ടിപ്പ് നടത്തുന്നതിന് തൊട്ടുമുൻപ് ക്യാമറകൾക്ക് മുന്നിൽ മനഃപൂർവം നിലയുറപ്പിച്ച് ദൃശ്യങ്ങൾ മറച്ചിരുന്നതായി എസ്ഐടി കണ്ടെത്തിയിട്ടുണ്ട്.

കാണിക്കപ്പണം കൈകാര്യം ചെയ്യാനും എണ്ണാനും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വാരണാസി ആസ്ഥാനമായുള്ള ഒരു സ്വകാര്യ സെക്യൂരിറ്റി ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത്. എന്നാൽ ഈ ഏജൻസി ജീവനക്കാരെ തെരഞ്ഞെടുത്തത് രാമക്ഷേത്ര ട്രസ്റ്റിലെ ചില ഉന്നതരുടെ ശിപാർശ പ്രകാരമാണ്. ട്രസ്റ്റ് ജീവനക്കാരനായ അനുകൂൽ മിശ്ര തൻറെ അളിയനായ ലവ്കുഷ് മിശ്രയ്ക്ക് പണം എണ്ണുന്ന ജോലി വാങ്ങി നൽകിയത് ഇതിന് തെളിവാണ്.

ലവ്കുഷ് മിശ്രയുടെ വീട്ടിൽ നിന്ന് കഴിഞ്ഞ ദിവസം ലക്ഷക്കണക്കിന് രൂപ പോലീസ് റെയ്ഡിൽ പിടിച്ചെടുത്തിരുന്നു. കൂടാതെ, പണം എണ്ണുന്ന ജീവനക്കാർക്കായി പ്രത്യേക യൂണിഫോം നിശ്ചയിച്ചിരുന്നെങ്കിലും പലരും സാധാരണ വസ്ത്രങ്ങൾ ധരിച്ചാണ് പണം കൈകാര്യം ചെയ്തിരുന്നത്. ജോലി കഴിഞ്ഞ് പോകുമ്പോൾ ഇവരെ കൃത്യമായി പരിശോധിക്കാനുള്ള സംവിധാനവും ഉണ്ടായിരുന്നില്ല.

ഭക്തർ സമർപ്പിച്ച കോടിക്കണക്കിന് രൂപയുടെ നോട്ടുകൾക്ക് പുറമേ സ്വർണം, വെള്ളി ആഭരണങ്ങൾ, വജ്രങ്ങൾ, വിലപിടിപ്പുള്ള മറ്റ് രത്നങ്ങൾ എന്നിവയുടെ രേഖകളിലും വലിയ രീതിയിലുള്ള പൊരുത്തക്കേടുകൾ എസ്ഐടി കണ്ടെത്തിയിട്ടുണ്ട്. ഈ ആഭരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും കൃത്യമായ കണക്കുകളും ഹാജരാക്കാൻ ട്രസ്റ്റ് ഭാരവാഹികൾക്ക് സാധിച്ചിട്ടില്ല.

2025 ജനുവരി–ഫെബ്രുവരി മാസങ്ങളിൽ നടന്ന മഹാകുംഭമേള സമയത്ത് ദിനംപ്രതി 10 ലക്ഷത്തോളം ഭക്തരാണ് അയോധ്യ സന്ദർശിച്ചിരുന്നത്. ഈ സമയത്ത് കാണിക്ക വഞ്ചികൾ മണിക്കൂറുകൾക്കുള്ളിൽ നിറഞ്ഞിരുന്നു. ഈ വൻ തിരക്കാണ് തട്ടിപ്പുകാർ പണം വകമാറ്റാൻ പ്രധാനമായും ഉപയോഗപ്പെടുത്തിയത്. നിലവിൽ കേസിൽ ഉൾപ്പെട്ട ട്രസ്റ്റ് ഭാരവാഹികളോടും ഉദ്യോഗസ്ഥരോടും അയോധ്യ വിട്ടുപോകരുതെന്ന് എസ്ഐടി കർശന നിർദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ഉടൻ തന്നെ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിന് സമർപ്പിക്കും.

മ.ഃേ

# സിബിഎസ്ഇ പുനർമൂല്യനിർണയത്തിലും വീഴ്ച; അപേക്ഷിക്കാത്ത വിഷയത്തിന് മാർക്ക് കുറച്ചെന്ന് പരാതി

ന്യൂഡൽഹി: സിബിഎസ്ഇ പരീക്ഷാ പുനർമൂല്യനിർണയ പ്രക്രിയയ്ക്കെതിരെ വിദ്യാർത്ഥികളുടെ ഭാഗത്തുനിന്ന് വീണ്ടും വ്യാപക പരാതികൾ ഉയരുന്നു. തങ്ങൾ അപേക്ഷ നൽകാത്ത വിഷയങ്ങളിൽ പോലും പുനർമൂല്യനിർണയം നടത്തുകയും അതിലൂടെ മാർക്ക് കുറയ്ക്കുകയും ചെയ്തു എന്നാണ് വിദ്യാർത്ഥികളുടെ പ്രധാന ആക്ഷേപം.

സിബിഎസ്ഇയുടെ ഈ നടപടിക്കെതിരെ സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്യാനാണ് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും തീരുമാനം. അപേക്ഷിക്കാത്ത പേപ്പറുകളിൽ മാർക്ക് കുറച്ചതിനൊപ്പം, കൃത്യമായി അപേക്ഷ നൽകിയ ചില പേപ്പറുകളിൽ ബോർഡ് പുനർമൂല്യനിർണയം നടത്തിയിട്ടില്ലെന്നും വിദ്യാർത്ഥികൾ ആരോപിക്കുന്നു.

ഇക്കാര്യത്തിൽ നിരവധി പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വിദ്യാർത്ഥികൾക്കായി സുപ്രീംകോടതിയിൽ ഹാജരായ അഭിഭാഷകൻ വ്യക്തമാക്കി. പുനർമൂല്യനിർണയത്തിന് അപേക്ഷിച്ചവരിൽ 87 ശതമാനം പേരുടെയും ഫലപ്രഖ്യാപനം കഴിഞ്ഞ ദിവസം നടത്തിയതായി സിബിഎസ്ഇ അറിയിച്ചിരുന്നു. ബാക്കിയുള്ള 13 ശതമാനം വിദ്യാർത്ഥികളുടെ ഫലം വരും ദിവസങ്ങളിൽ പ്രഖ്യാപിക്കുമെന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

എന്നാൽ നിലവിലെ ഫലപ്രഖ്യാപനത്തിലെ അപാകതകൾ വിദ്യാർത്ഥികളെ വലിയ ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്.

# മുനോസ് മിന്നി; കോംഗോയെ തകർത്ത് കൊളംബിയ നോക്കൗട്ടിൽ

മെക്സിക്കോ സിറ്റി: ഫിഫ ലോകകപ്പിലെ ഗ്രൂപ്പ് കെ പോരാട്ടത്തിൽ ഡിആർ കോംഗോയെ തകർത്ത് കൊളംബിയ നോക്കൗട്ടിൽ കടന്നു. മെക്സിക്കോയിലെ ഗോദലഹര സ്റ്റേഡിയത്തിൽ നടന്ന പോരാട്ടത്തിൽ എതിരില്ലാത്ത ഒരു ഗോളിനാണ് കൊളംബിയൻ ജയം. പ്രതിരോധ താരം ഡാനിയേൽ മുനോസാണ് ഗോൾ നേടിയത്.

മത്സരത്തിലുടനീളം പന്തടക്കത്തിലും ആക്രമണത്തിലും കൊളംബിയയാണ് ആധിപത്യം പുലർത്തിയതെങ്കിലും ആദ്യപകുതിയിൽ ഗോൾ അകന്നുനിന്നു. തുടർന്ന് രണ്ടാം പകുതിയിലാണ് വിജയഗോൾ പിറന്നത്. കോംഗോ ഗോൾ കീപ്പർ ലയണൽ എംപാസിയുടെ മികച്ച സേവുകൾ ഇല്ലായിരുന്നെങ്കിൽ കൊളംബിയയ്ക്ക് വൻ ജയം ഉണ്ടാകുമായിരുന്നു.ടൂർണമെൻറിൽ കൊളംബിയയുടെ തുടർച്ചയായ രണ്ടാം ജയമാണിത്. ആദ്യ മത്സരത്തിൽ ഉസ്ബെക്കിസ്ഥാനെ 31 ന് പരാജയപ്പെടുത്തിയിരുന്നു കൊളംബിയ.

# ഷാൾ സ്കൂട്ടറിൻെറ ടയറിൽ കുരുങ്ങി അപകടം; അങ്കണവാടി ടീച്ചർ മരിച്ചു

തൃശൂർ: സ്കൂട്ടർ യാത്രയ്ക്കിടെ ഷാൾ കഴുത്തിൽ കുരുങ്ങിയതിനെ തുടർന്നുണ്ടായ അപകടത്തിൽ അങ്കണവാടി ടീച്ചർ മരിച്ചു. തൃശൂർ പുതുരുത്തി സ്വദേശിനി ആലപ്പാടൻ വീട്ടിൽ വർഗീസിൻറെ ഭാര്യ മിനി വർഗീസ്(52) ആണ് മരിച്ചത്.തൃശൂർ വടക്കാഞ്ചേരി പുതുരുത്തിയിൽ ഇന്ന് രാവിലെ 9:30 ഓടെയാണ് സംഭവം. അങ്കണവാടിയിലേക്ക് പോകാനായി ബന്ധുവിനൊപ്പം ഇലക്ട്രിക് സ്കൂട്ടറിന് പുറകിൽ ഇരുന്ന് സഞ്ചരിക്കുന്നതിനിടെ ഷാൾ സ്കൂട്ടറിൽ കുരുങ്ങിയതോടെ കഴുത്തു മുറുകി റോഡിലേക്ക് വീഴുകയായിരുന്നെന്നാണ് വിവരം.

ഉടനെ എരുമപ്പെട്ടി ആക്ട്സ് പ്രവർത്തകർ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പുതുരുത്തി ചാത്തൻപടിയിലെ അങ്കണവാടി അധ്യാപികയാണ് മിനി വർഗീസ്.

# ഓപ്പറേഷൻ സിന്ദൂറിൽ റഫാൽ തകർത്തെന്ന പാക് വാദം പൊളിഞ്ഞു; 36 വിമാനങ്ങളും സുരക്ഷിതമെന്ന് വ്യോമസേനയുടെ രേഖ

ന്യൂഡൽഹി: ഇന്ത്യ പാകിസ്ഥാനിലെ ഭീകരകേന്ദ്രങ്ങൾക്ക് നേരെ നടത്തിയ 'ഓപ്പറേഷൻ സിന്ദൂർ' സൈനിക നടപടിക്കിടെ ഇന്ത്യയുടെ റഫാൽ യുദ്ധവിമാനങ്ങൾ തകർത്തെന്ന പാകിസ്താൻറെ വ്യാജപ്രചാരണത്തിന് കനത്ത തിരിച്ചടി. ഇന്ത്യൻ വ്യോമസേനയുടെ പക്കലുള്ള 36 റഫാൽ വിമാനങ്ങളും പൂർണ സുരക്ഷിതമാണെന്ന് വ്യക്തമാക്കുന്ന ഔദ്യോഗിക രേഖകൾ പുറത്തുവന്നു.

വ്യോമസേനയിലെ മുഴുവൻ (36) റഫാൽ വിമാനങ്ങൾക്കും തുടർപിന്തുണാ സേവനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഐഎഎഫ് പുതിയ ടെൻഡർ പുറത്തിറക്കിയതോടെയാണ് പാക് വാദങ്ങൾ പൂർണമായും പൊളിഞ്ഞത്. ഇന്ത്യ വാങ്ങിയ എല്ലാ റഫാൽ വിമാനങ്ങളും ഇപ്പോഴും സേവനത്തിലുണ്ടെന്ന് ഈ രേഖ വ്യക്തമാക്കുന്നു.

പഹൽഗാമിൽ നിരപരാധികളായ ഇന്ത്യൻ പൗരന്മാരെ കൊലപ്പെടുത്തിയ ഭീകരാക്രമണത്തിന് മറുപടിയായി ഇന്ത്യൻ സായുധ സേനകൾ പാകിസ്ഥാനിലും പാക് അധിനിവേശ കാഷ്മീരിലുമുള്ള ഒന്പത് പ്രധാന ഭീകരകേന്ദ്രങ്ങളിൽ നടത്തിയ മിന്നൽ മിസൈലാക്രമണമാണ് 'ഓപ്പറേഷൻ സിന്ദൂർ'.

# സ്പോട്ട് അഡ്മിഷൻ

കേരള മീഡിയ അക്കാദമിയുടെ ജേണലിസം & കമ്യൂണിക്കേഷൻ, ടി.വി ജേണലിസം, പബ്ലിക് റിലേഷൻസ് & അഡ്വർടൈസിംഗ് പി.ജി ഡിപ്ലോമ കോഴ്സുകളുടെ 47–ാം ബാച്ചിന്റെ ഉദ്ഘാടനം ജൂൺ 29 രാവിലെ 11–ന് അക്കാദമി ഓഡിറ്റോറിയത്തിൽ നടക്കും.

എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം നിർവ്വഹിക്കും. അക്കാദമി വൈസ് ചെയർമാൻ കെ. പി. റെജി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മനോരമ ന്യൂസ് ഡയറക്ടർ ജോണി ലൂക്കോസ് മുഖ്യാതിഥിയായിരിക്കും. പിജി ഡിപ്ലോമ കോഴ്സുകളിൽ സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് അക്കാദമിയിൽ നേരിട്ടെത്തി സ്പോട്ട് അഡ്മിഷൻ നേടാം. വിവരങ്ങൾക്ക്: 9747886517.

# ഡൽഹി ഉദ്യോഗ് ഭവന് സമീപം ചേരിയിൽ വൻ തീപിടുത്തം; അണയ്ക്കാൻ എത്തിയത് 25 ഫയർ യൂണിറ്റുകൾ

ന്യൂഡൽഹി: ദേശീയ തലസ്ഥാനത്തെ ഉദ്യോഗ് ഭവനും സേനാ ഭവനും സമീപമുള്ള തൊഴിലാളികളുടെ താത്കാലിക താമസകേന്ദ്രത്തിൽ ബുധനാഴ്ച രാവിലെ വൻ തീപിടുത്തം. ഡൽഹി ഫയർ സർവീസിൻറെ 25ഓളം ഫയർ ടെൻഡറുകൾ മൂന്ന് മണിക്കൂറിലധികം പരിശ്രമിച്ചാണ് തീ പൂർണമായും നിയന്ത്രണവിധേയമാക്കിയത്.

കെട്ടിട നിർമാണ തൊഴിലാളികൾക്കായി താത്കാലികമായി നിർമിച്ച ക്യാമ്പിലാണ് തീപിടുത്തമുണ്ടായത്. തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ ചെറിയ എൽപിജി സിലിണ്ടറുകൾ ഉപയോഗിച്ചിരുന്നതായും ഇലക്ട്രിക് ലൈനുകൾ അശ്രദ്ധമായി വലിച്ചിരുന്നതായും ഫയർ ഓഫീസർ സന്ദീപ് ദുഗ്ഗൽ അറിയിച്ചു. സിലിണ്ടർ പൊട്ടിത്തെറിച്ചതോ ഷോർട്ട് സർക്യൂട്ടോ ആകാം അപകടകാരണമെന്നാണ് പ്രാഥമിക നിഗമനം.

വിവരം ലഭിച്ച ഉടൻ തന്നെ അഗ്നിശമന സേനാംഗങ്ങൾ സ്ഥലത്തെത്തി. തീ പടർന്നുപിടിച്ചതോടെ കൂടുതൽ യൂണിറ്റുകളെ വിന്യസിക്കുകയായിരുന്നു. അപകടത്തിൽ ജീവഹാനിയോ ആളപായമോ ഉണ്ടായതായി നിലവിൽ റിപ്പോർട്ടുകളില്ല.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഇൻസ്റ്റഗ്രാമിലെ 'പെർഫെക്റ്റ് പ്രണയം' ഒടുവിൽ കൊലപാതകത്തിൽ

പൂനെ: സോഷ്യൽ മീഡിയയിൽ ഏറെ ആഘോഷിക്കപ്പെട്ട ഒരു പ്രണയവും ആഡംബര വിവാഹ നിശ്ചയവും ഒടുവിൽ കലാശിച്ചത് കൊലപാതകത്തിൽ. പൂനെയിലെ പ്രമുഖ റിയൽ എസ്റ്റേറ്റ് ബിസിനസുകാരനായ കേതൻ വിശാൽ അഗർവാളിനെ (26), പ്രതിശ്രുത വധു സിയ ഗോയലും (20) രഹസ്യ കാമുകൻ ചേതൻ ചൗധരിയും (22) ചേർന്ന് മഹാരാഷ്ട്രയിലെ ലോഹഗഡ് കോട്ടയിലെ 400 അടി താഴ്ചയുള്ള മലയിടുക്കിലേക്ക് തള്ളിയിട്ട് കൊലപ്പെടുത്തുകയായിരുന്നു.

കഴിഞ്ഞ ഫെബ്രുവരിയിലായിരുന്നു കേതൻറെയും സിയയുടെയും വിവാഹനിശ്ചയം. രാജസ്ഥാനിലെ ഉദയ്പുരിൽ കോടികൾ വിലമതിക്കുന്ന കൊട്ടാരം ബുക്ക് ചെയ്തും, അതിഥികൾക്കായി രണ്ട് സ്വകാര്യ വിമാനങ്ങൾ ഏർപ്പെടുത്തിയും വൻ ആഡംബരത്തോടെ നവംബറിൽ നടത്താനിരുന്ന വിവാഹമായിരുന്നു ഇത്. എന്നാൽ ഇൻസ്റ്റഗ്രാമിൽ കേതനൊപ്പമുള്ള റൊമാൻറിക് ചിത്രങ്ങളും ഹൃദയസ്പർശിയായ കുറിപ്പുകളും പങ്കുവച്ച് ലോകത്തെ മുഴുവൻ വിശ്വസിപ്പിച്ച സിയയുടെ മനസിൽ മറ്റൊരു ക്രൂരമായ പദ്ധതിയായിരുന്നു ഉണ്ടായിരുന്നത്.

ജൂൺ 18നാണ് ട്രെക്കിംഗിനിടെ ശക്തമായ കാറ്റിൽ കേതൻ കാലുതെറ്റി മലയിടുക്കിലേക്ക് വീണതായി സിയ പോലീസിനെ അറിയിച്ചത്. തൻറെ പിറന്നാൾ ആഘോഷത്തിൻറെ ഭാഗമായുള്ള യാത്രയിലായിരുന്നു ഈ അപകടം എന്നായിരുന്നു ഇവരുടെ വാദം. കേതൻ മികച്ച ഒരു ട്രെക്കർ ആയിരുന്നതിനാലും, മരണവിവരം അറിഞ്ഞിട്ടും സിയയുടെ മുഖത്ത് യാതൊരു സങ്കടവും ഭാവവ്യത്യാസവും ഉണ്ടാകാതിരുന്നതിനാലും കേതൻറെ കുടുംബം പോലീസിൽ പരാതി നൽകുകയായിരുന്നു.

പോലീസ് നടത്തിയ വിശദമായ അന്വേഷണത്തിൽ സിയയും അവളുടെ കാമുകൻ ചേതനും തമ്മിൽ ആറുമാസത്തിനിടെ രണ്ടായിരത്തിലധികം തവണ ഫോണിൽ സംസാരിച്ചതായി കണ്ടെത്തി. കുടുംബം നിർബന്ധിച്ച് നടത്തിയ ഈ വിവാഹത്തിന് സിയയ്ക്ക് താല്പര്യമില്ലായിരുന്നു. കേതനെ ഒഴിവാക്കാനായി ഇരുവരും ചേർന്ന് കൊലപാതകം ആസൂത്രണം ചെയ്യുകയായിരുന്നു.

നേരത്തെ ബാലിയിലേക്ക് നടത്താനിരുന്ന പ്രീവെഡ്ഡിംഗ് ഷൂട്ട് ഒഴിവാക്കാനായി സിയ വിമാനത്താവളത്തിൽ വെച്ച് കേതൻറെ പാസ്പോർട്ട് ഒളിപ്പിച്ചു. തുടർന്ന് ജൂൺ 14ന് ഇതേ കോട്ടയിൽ വെച്ച് പാമ്പിനെ കാട്ടി ഭയപ്പെടുത്തി കേതനെ തള്ളിയിടാൻ ശ്രമിച്ചെങ്കിലും അന്ന് കേതൻ ചെടികളിൽ പിടിച്ച് രക്ഷപ്പെടുകയായിരുന്നു. ഒടുവിൽ ജൂൺ 18ന് കാമുകനെക്കൂടി കോട്ടയിലേക്ക് വിളിച്ചുവരുത്തി ഇരുവരും ചേർന്ന് കേതനെ താഴേക്ക് തള്ളിയിടുകയായിരുന്നു എന്ന് പോലീസ് വ്യക്തമാക്കി.

## വില്ലിംഗ്ടൺ ഐലൻഡിൽ റെയിൽവേ ട്രാക്ക് കാണാനില്ല; മുറിച്ച് കടത്തിയതെന്ന് സംശയം

കൊച്ചി: വില്ലിംഗ്ടൺ ഐലൻഡിൽ അരകിലോമീറ്ററോളം റെയിൽവേ ട്രാക്ക് കാണാനില്ല. ഐലൻഡ് റെയിൽവേ സ്റ്റേഷനിൽനിന്ന് എറണാകുളം ഭാഗത്തേക്ക് പോകുന്ന റെയിൽവേ പാതയിലെ ഒരു ഭാഗമാണ് കാണാതായത്. ഇവ കടത്തിക്കൊണ്ട് പോയതാണെന്നാണു സംശയം.

സിഐഎസ്എഫ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവരുടെ കനത്ത നിരീക്ഷണത്തിലുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റിൻറെ ഉടമസ്ഥതയിലുള്ള ഭൂമിയാണിത്. നിലവിൽ ട്രെയിൻ സർവീസുകളില്ലാത്ത പാതയാണിത്. മുൻപ് ഈ ഭാഗത്തെ റെയിൽവേ ഗർഡറുകൾ അഴിച്ചുമാറ്റി ചില അറ്റകുറ്റപ്പണികൾ നടത്താൻ ശ്രമങ്ങൾ നടന്നിരുന്നു. ഈ പ്രവൃത്തികളുടെ മറവിൽ ട്രാക്കുകൾ മുറിച്ച് കടത്തിയതാണോ എന്ന് റെയിൽവേ സംശയിക്കുന്നുണ്ട്.

വല്ലാർപാടം നിലവിൽ വന്നതോടെ ഉപയോഗിക്കാതിരുന്ന ട്രാക്കിൻറെ ഭാഗങ്ങളാണു നഷ്ടപ്പെട്ടത്.

# ലഹരിമാഫിയയ്ക്കെതിരേ ഓപ്പറേഷൻ തൂഫാൻ; മുഖ്യമന്ത്രിമാർക്ക് കത്തയച്ച് സതീശൻ

തിരുവനന്തപുരം: ലഹരിക്കെതിരേയുള്ള കേരള സർക്കാരിൻറെ പദ്ധതിയായ ഓപ്പറേഷൻ തൂഫാന് പിന്തുണ തേടി അയൽസംസ്ഥാനങ്ങൾക്ക് കത്തയച്ച് മുഖ്യമന്ത്രി വി.ഡി.സതീശൻ. കർണാടക, തമിഴ്നാട്, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്കാണ് കത്തയച്ചത്. ലഹരിക്കടത്തിനെതിരെയുള്ള സംയുക്ത പോരാട്ടത്തിൽ പങ്കാളികളാകാൻ അഭ്യർഥിച്ചുകൊണ്ടാണ് കത്ത്.

ലഹരി മാഫിയകൾ സംസ്ഥാനാന്തര ശൃംഖലകളായാണ് പ്രവർത്തിക്കുന്നതെന്ന് മുഖ്യമന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി. അതിർത്തി മേഖലകൾ, പ്രധാന റോഡ് ഇടനാഴികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ലഹരി കടത്തിനായി ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്ന് സർക്കാർ വിലയിരുത്തുന്നു.

നിലവിൽ പല അന്തർസംസ്ഥാന ലഹരി കടത്തുകാരെയും പിടികൂടാൻ കേരള പോലീസിന് സാധിച്ചിട്ടുണ്ട്. എന്നാൽ, ഈ മാഫിയകളെ പൂർണ്ണമായും തകർക്കാൻ സംസ്ഥാനങ്ങൾ തമ്മിലുള്ള തത്സമയ വിവര കൈമാറ്റവും സംയുക്ത ഓപ്പറേഷനുകളും അനിവാര്യമാണെന്ന് സർക്കാർ വിശ്വസിക്കുന്നുവെന്ന് കത്തിൽ പറയുന്നു. ലഹരിമാഫിയകളുടെ സാമ്പത്തിക ശൃംഖലകൾ തകർക്കാനും അനധികൃത സ്വത്തുക്കൾ കണ്ടുകെട്ടാനുമാണ് ഓപ്പറേഷൻ തൂഫാനിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ഭാഗമായി മൂന്ന് സംസ്ഥാനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് സംയുക്ത കർമ്മപദ്ധതി രൂപീകരിക്കണമെന്ന് മുഖ്യമന്ത്രി അഭ്യർഥിച്ചു. ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ, പുട്ട വിക്രമാദിത്യ എന്നിവരടങ്ങുന്ന ഉന്നത സംഘം അയൽ സംസ്ഥാനങ്ങളിലെ പോലീസ് മേധാവിമാരുമായും ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്താൻ തയ്യാറാണെന്നും കത്തിൽ പറയുന്നുണ്ട്.

## ബ്രഹ്മഗിരി മാംസ സംസ്കരണശാല സ്ഥിതിചെയ്യുന്ന സ്ഥലം ലേലം ചെയ്യാൻ ഉത്തരവ്

ബത്തേരി: സിപിഎമ്മിൻറെ പരോക്ഷ നിയന്ത്രണത്തിലുള്ള ബ്രഹ്മഗിരി ഡെവലപ്മെൻറ് സൊസൈറ്റിയുടെ മാംസ സംസ്കരണശാല സ്ഥിതി ചെയ്യുന്ന നെൻമേനി മഞ്ഞാടിയിലെ സ്ഥലം ലേലം ചെയ്ത് നിക്ഷേപകർക്കു പണം തിരികെ നൽകാൻ ബത്തേരി സബ് കോടതി ഉത്തരവായി. സൊസൈറ്റിയിൽ നിക്ഷേപിച്ച പണം തിരികെ ലഭിക്കാത്തതിനെത്തുടർന്ന് മീനങ്ങാടി സ്വദേശികളായ മറിയാമ്മ, ജോബി കെ. മാത്യു എന്നിവർ വെവ്വേറെ സമർപ്പിച്ച ഹർജികളിലാണ് കോടതി ഉത്തരവ്. ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലം ജൂലൈ എട്ടിന് പൊതുലേലത്തിൽ വയ്ക്കാനാണ് കോടതി നിർദേശം. മറിയാമ്മ 50 ഉം ജോബി 22 ഉം ലക്ഷം രൂപയാണ് സൊസൈറ്റിയിൽ നിക്ഷേപിച്ചത്. കരാറനുസരിച്ച് മുതലും പലിശയും ലഭിക്കാതായതോടെ ഇരുവരും ഫയൽ ചെയ്ത കേസുകളിൽ നിക്ഷേപത്തുകയും ഓരോ മാസവും നൽകാമെന്നേറ്റ പലിശയും കോടതി ചെലവും തിരികെ നൽകണമെന്ന് 2024ൽ കോടതി ഉത്തരവായിരുന്നു. ഇതനുസരിച്ച് മറിയാമ്മയ്ക്ക് 65 ലക്ഷത്തിൽപരം രൂപയും ജോബിക്ക് 28 ലക്ഷത്തിൽ പരം രൂപയുമാണു ലഭിക്കേണ്ടത്. ഇത് നടപ്പാകാത്ത സാഹചര്യത്തിൽ ഹർജിക്കാർ വീണ്ടും കോടതിയെ സമീപിക്കുകയായിരുന്നു.

# 'വീര്യം കുറഞ്ഞ മദ്യം, വീര്യം കെട്ട നയം' മദ്യനയത്തിൽ സർക്കാരിനെതിരെ രൂക്ഷവിമർശനവുമായി സമസ്ത മുഖപത്രം

കോഴിക്കോട്: വീര്യം കുറഞ്ഞ മദ്യത്തിന് നികുതിയിളവ് പ്രഖ്യാപിച്ച സർക്കാരിൻറെ പുതിയ നീക്കത്തിനെതിരെ സമസ്തയുടെ മുഖപത്രമായ സുപ്രഭാതം കടുത്ത വിമർശനവുമായി രംഗത്ത്. 'വീര്യം കുറഞ്ഞ മദ്യം, വീര്യം കെട്ട നയം' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിലാണ് സർക്കാരിനെതിരെ രൂക്ഷമായ ചോദ്യങ്ങൾ ഉയർത്തിയിരിക്കുന്നത്.

പുതിയ പരിഷ്കരണം 'ബെക്കാഡി' കമ്പനിയെ സഹായിക്കാനാണെന്ന പ്രതിപക്ഷ ആരോപണം ഗൗരവമുള്ളതാണ്. ഈ വിഷയത്തിൽ ഫയൽ നീക്കം വേഗത്തിലാക്കിയത് സംശയത്തിൻറെ ആക്കം കൂട്ടുന്നു. മദ്യലഭ്യത വർധിപ്പിക്കുന്ന ഈ നീക്കത്തിൽ പൊതുസമൂഹത്തിനും സ്വന്തം മുന്നണിക്കുമുള്ള സംശയങ്ങൾ ദൂരീകരിക്കാനും, വ്യക്തമായ വിശദീകരണം നൽകാനും സർക്കാരിന് ബാധ്യതയുണ്ട്. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ ആഭ്യന്തര വകുപ്പ് 'ഓപ്പറേഷൻ തൂഫാൻ' പോലുള്ള ജനകീയ പരിപാടികളിലൂടെ ലഹരി മാഫിയയെ അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ, മറുഭാഗത്ത് മദ്യവ്യാപനത്തിന് വഴിയൊരുക്കുന്നത് ഇരട്ടത്താപ്പാണ്. ഒരു കൈകൊണ്ട് ലഹരിക്കെതിരെ പോരാടുകയും മറുകൈകൊണ്ട് അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് സമൂഹത്തിന് തെറ്റായ സന്ദേശം നൽകും.

ഇപ്പോൾ പ്രതിപക്ഷം ഇതിനെതിരെ രംഗത്തുവരുന്നുണ്ടെങ്കിലും, വീര്യം കുറഞ്ഞ മദ്യനയത്തിന് തുടക്കമിട്ടത് കഴിഞ്ഞ എൽഡിഎഫ് ഭരണകാലത്താണെന്ന കാര്യവും മുഖപ്രസംഗം ഓർമിപ്പിക്കുന്നു.

വിവിധ മത, സാമൂഹിക സംഘടനകളുടെയും പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, കെ.സി. വേണുഗോപാൽ, വി.എം. സുധീരൻ തുടങ്ങിയ രാഷ്ട്രീയ നേതാക്കളുടെയും എതിർപ്പുകളെ സർക്കാർ ഗൗരവമായി കാണണമെന്നും പത്രം ആവശ്യപ്പെട്ടു.

## 'പാവയാകാൻ താനില്ല'; ശ്വേത മേനോൻ

കൊച്ചി: താരസംഘടന അമ്മയിൽ നിന്നുള്ള ഇറങ്ങിപ്പോക്കിൽ വിശദീകരണവുമായി ശ്വേത മേനോൻ. പാവയാകാൻ താനില്ലെന്ന് ആവർത്തിച്ച് വ്യക്തമാക്കിയ ശ്വേത കഴിഞ്ഞ വർഷം അമ്മ തെരഞ്ഞെടുപ്പിന് മുൻപ് തന്നെ തനിക്ക് എതിരെ വ്യാജ പ്രചരണങ്ങൾ നടന്നെന്നും ആരോപിച്ചു.

വ്യക്തിഹത്യക്ക് ശ്രമിച്ചു. മുൻ കമ്മറ്റിയിലെ ചിലരുടെ തെറ്റായ പ്രവർത്തനങ്ങൾ പോലും അന്വേഷിക്കാൻ സാധിച്ചില്ല. ചില സ്വാർഥതാത്പര്യക്കാർ അതിൽ ഇടപെട്ടു. അമ്മയിലെ വരവ് ചെലവ് കണക്കുകളിൽ ആകെ കള്ളക്കളിയെന്നും ശ്വേത ചൂണ്ടിക്കാട്ടി. കഴിഞ്ഞ രണ്ട് ഭരണ സമിതികളുടെയും കണക്കുകൾ സമഗ്രമായി പരിശോധിക്കണമെന്നും ശാസ്ത്രീയ ഓഡിറ്റിംഗ് നടത്തണമെന്നും ശ്വേത ആവശ്യപ്പെട്ടിരിക്കുകയാണ്. മുൻകാല കണക്കുകളുമായി ബന്ധപെട്ട് തൻറെ രാജിക്ക് ശേഷവും സംശയങ്ങളുണ്ടെന്ന് പറഞ്ഞ ശ്വേത താൻ ബിജെപിയും അല്ല കമ്മ്യൂണിസ്റ്റും അല്ലെന്നും വ്യക്തമാക്കി.

# ലക്നോ തീപിടിത്തം: ദുരന്തമുണ്ടായ കെട്ടിടം 10 വർഷം മുന്പ് പൊളിച്ചുമാറ്റാൻ ഉത്തരവിട്ടിരുന്നത്

ലക്നോ: 10 വർഷം മുന്പ് പൊളിച്ചുമാറ്റണമെന്ന് ഉത്തരവിട്ട മൂന്നുനില വാണിജ്യ സമുച്ചയത്തിലാണ് 15 പേരുടെ ജീവനപഹരിച്ച തീപിടിത്തമുണ്ടായതെന്ന് യുപി സർക്കാർ. അനധികൃത നിർമാണത്തെത്തുടർന്ന് 2016ൽ പൊളിച്ചുമാറ്റാൻ ഉത്തരവ് നൽകിയിരുന്നെന്നും എന്നാൽ ഉത്തരവ് പുറപ്പെടുവിച്ച് രണ്ടുണ്ട മാസം തികയുന്നതിനു മുന്പു തന്നെ ഇത് റദ്ദാക്കുകയായിരുന്നുവെന്നും സർക്കാരിൻറെ ഔദ്യോഗിക പ്രസ്താവനയിൽ പറയുന്നു.

നോർത്ത് ലക്നോയിലെ അലിഗഞ്ച് മേഖലയിലായിരുന്നു അപകടം. മൂന്നുനില കെട്ടിടത്തിൽ കോച്ചിംഗ് സെൻറർ പ്രവർത്തിച്ചിരുന്ന ഒന്നാം നിലയിൽ തിങ്കളാഴ്ച ഉച്ചകഴിഞ്ഞായിരുന്നു തീപിടിത്തമുണ്ടായത്. കെട്ടിടത്തിൻറെ രണ്ടാം നിലയിൽ പ്രവർത്തിച്ചിരുന്ന അനിമേഷൻ പരിശീലന കേന്ദ്രത്തിൽ ക്ലാസിൽ പങ്കെടുത്തുകൊണ്ടിരുന്ന വിദ്യാർഥികളാണ് മരിച്ചവരിൽ ഭൂരിഭാഗവും. അലിഗഞ്ച് മേഖലയിലെ സെക്ടർ ഡിയിലുള്ളതാണ് ഈ കെട്ടിടം. 1980 ജൂലൈ 11ന് രമേശ്വർ സഹായുടെ മകൻ വിജയ് കുമാറിന് ഹയർ പർച്ചേസ് സ്കീം വഴിയാണ് ഈ വസ്തു ആദ്യം അനുവദിക്കുന്നത്. തുടർന്ന് 1980 നവംബർ നാലിന് കരാർ ഒപ്പിടുകയും വസ്തുവിൻറെ കൈവശാവകാശം വിജയ് കുമാറിന് കൈമാറുകയും ചെയ്തു. 2005ൽ ഈ വസ്തു വിജയ് കുമാറിൻറെയും ഭാര്യ ഉഷയുടെയും പേരിലേക്ക് രജിസ്റ്റർ ചെയ്യപ്പെട്ടു. പിന്നീട് 2013 ജനുവരി 19ന് ഇവർ ഈ വസ്തു വീരേന്ദ്ര പ്രതാപ് ശുക്ല, സുരേന്ദ്ര പ്രതാപ് ശുക്ല എന്നിവർക്ക് വിറ്റു. 2014 ഓഗസ്റ്റ് ഏഴിന് ലക്നോ വികസന അഥോറിറ്റി ഇവരുടെ പേരിലേക്ക് വസ്തുവിൻറെ പോക്കുവരവ് നടപടികൾ പൂർത്തിയാക്കി.

ഏകദേശം 1,992 ചതുരശ്ര അടി വിസ്തീർണമുള്ള ഈ കെട്ടിടത്തിന്, 'സ്വയം സാക്ഷ്യപ്പെടുത്തിയ പ്ലാൻ പദ്ധതി' പ്രകാരം 2014 ഓഗസ്റ്റ് 20ന് റെസിഡൻഷൽ ആവശ്യങ്ങൾക്കായി അനുമതി ലഭിച്ചിരുന്നു. എന്നാൽ, പിന്നീട് ഇവിടെ വൻതോതിൽ അനധികൃത നിർമാണങ്ങൾ നടന്നതായി കണ്ടെത്തുകയായിരുന്നു.

ഇതേത്തുടർന്ന് ലക്നോ വികസന അഥോറിറ്റി വീരേന്ദ്ര പ്രതാപ് ശുക്ലയ്ക്കെതിരേ കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിനൊടുവിൽ 2016 മേയ് 10ന് അനധികൃത നിർമാണം പൊളിച്ചുനീക്കാൻ അതോറിറ്റി ഉത്തരവിട്ടു. എന്നാൽ ഉത്തരവ് വന്ന് രണ്ടു മാസത്തിനുശേഷം, ജൂലൈ അഞ്ചിന് ഉത്തരവ് റദ്ദാക്കപ്പെട്ടു. എന്തുകൊണ്ടാണ് ഇതു സംഭവിച്ചതെന്ന് അറിയില്ലെന്ന് സർക്കാർ പ്രസ്താവനയിൽ പറയുന്നു.

## ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിയോടുകൂടിയെത്തും

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ പ്രവചനം. വരുംമണിക്കൂറിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും; ഇടുക്കി, തൃശൂർ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും സാധ്യതയുണ്ട്.

കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മഴ സാധ്യതാ പ്രവചനം അനുസരിച്ച് ഒരു ജില്ലകളിലും ഇന്ന് പ്രത്യേക മുന്നറിയിപ്പില്ല. വെള്ളിയാഴ്ച മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ശനിയാഴ്ച എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

## കൊച്ചിയിൽ വാഹനാപകടം; രണ്ട് യുവാക്കൾ മരിച്ചു

കൊച്ചി: ദേശീയപാതയിൽ നെടുമ്പാശേരി ഫാർമസി കവലയിലുണ്ടായ വാഹനാപകടത്തിൽ രണ്ട് യുവാക്കൾ മരിച്ചു. ഇരിങ്ങാലക്കുട സ്വദേശികളായ ഗോകുൽ, അശ്വിൻ എന്നിവരാണ് മരിച്ചത്. ഇവർ സഞ്ചരിച്ച ബൈക്ക് മീഡിയനിലെ വൈദ്യുതി വിളക്കിൽ ഇടിച്ച് മറിഞ്ഞാണ് അപകടം. ഒരാൾ സംഭവസ്ഥലത്തുവച്ചും മറ്റേയാൾ ആശുപത്രിയിൽ വച്ചുമാണ് മരിച്ചതെന്നാണ് വിവരം. രാവിലെ ആലുവയിൽനിന്ന് അങ്കമാലി ഭാഗത്തേക്ക് പോയപ്പോഴാണ് അപകടത്തിൽപ്പെട്ട

# ആയുധ ഉത്പാദന ശേഷി വികസിപ്പിക്കണം, യുഎസിനെ ആശ്രയിക്കുന്നത് നിർത്തണം: നെതന്യാഹു

വെസ്റ്റ് ബാങ്ക്: ഇസ്രയേലിൻറെ ആയുധ ഉത്പാദന ശേഷി വികസിപ്പിക്കണമെന്ന് പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു. വെസ്റ്റ് ബാങ്കിലെ ഗൂഷ് എറ്റ്സിയോൺ കുടിയേറ്റ മേഖലയിൽ യുദ്ധവിദഗ്ധരുമായി സംസാരിക്കവേയാണ് നെതന്യാഹുവിൻറെ പ്രതികരണം.

ഇറാനെതിരെയുള്ള പോരാട്ടത്തിൽ യുഎസിനെ ആശ്രയിക്കുന്നത് നിർത്തണമെന്നും അദ്ദേഹം നെതന്യാഹു പറഞ്ഞു. അമേരിക്കൻ സുഹൃത്തുക്കളിൽനിന്ന് ലഭിച്ച പിന്തുണയ്ക്ക് നെതന്യാഹു നന്ദി പറയുകയും ചെയ്തു. നമുക്ക് നമ്മുടേതായ സ്വതന്ത്രമായ ആയുധോത്പാദന സംവിധാനം ആവശ്യമാണ്. സ്വന്തം ആയുധങ്ങൾ നമ്മൾ നിർമ്മിച്ചേ തീരൂ. ഇറാനെയും അവരുടെ ആശ്രിത സംഘങ്ങളെയും നമ്മൾ നേരിട്ടുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

ആക്രമണം ഇതുവരെ അവസാനിച്ചിട്ടില്ല. 30 വർഷം കഴിയുമ്പോൾ നാം എവിടെയായിരിക്കും എന്നത് നമ്മുടെ ശക്തിയെ ആശ്രയിച്ചിരിക്കും.

മറ്റുള്ളവരെ ആശ്രയിക്കുന്നതിൽനിന്ന് മോചനം നേടണമെന്നും കൂടുതൽ കരുത്ത് ആർജിക്കണമെന്നും കൂടുതൽ സാങ്കേതികവിദ്യ ഉൾക്കൊള്ളണമെന്നും നെതന്യുഹു പറഞ്ഞു. കമാൻഡർമാരുടെ കൂടുതൽ തലമുറകളെ പരിശീലിപ്പിക്കണം. നമ്മുടെ ഭാവി നിർണയിക്കുന്നത് ഇതൊക്കെയാണെന്നും നെതന്യാഹു പറഞ്ഞു.

# ഹോർമുസിലെ നികുതി നീക്കത്തെ തള്ളി യുഎസ്; സമാധാനശ്രമങ്ങളിൽ വീണ്ടും വിള്ളൽ

വാഷിംഗ്ടൺ ഡിസി: ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോകുന്ന കപ്പലുകളിൽനിന്നു നികുതി ഈടാക്കാനുള്ള ഇറാൻ നീക്കത്തെ തള്ളി യുഎസ്. ഹോർമുസ് കടലിടുക്കിൽ ഇറാൻ ഏർപ്പെടുത്തുന്ന ഇത്തരം നികുതികൾ ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്ന് യുഎസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ വ്യക്തമാക്കി.

യുഎസും ഇറാനും തമ്മിൽ അടുത്തിടെ ഒപ്പുവച്ച സമാധാന ഉടമ്പടിക്കു പിന്നാലെ, കടലിടുക്കു വഴിയുള്ള കപ്പൽ ഗതാഗതം പുനരാരംഭിക്കുകയും ആഗോള വിപണിയിൽ ഇന്ധനവില കുറയുകയും ചെയ്തിരുന്നു. എന്നാൽ, ഹോർമുസിൻറെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും മുൻനിർത്തി കപ്പലുകളിൽ നിന്നു നികുതി ഈടാക്കുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയം പ്രഖ്യാപിച്ചതു പുതിയ തർക്കങ്ങൾക്കു കാരണമാകുകയും വിഷയം സങ്കീർണമാക്കുകയും ചെയ്തു.

ഇറാൻറെ നടപടി സമാധാന കരാറിൻറെ ലംഘനമാണെന്ന് യുഎസ് വ്യക്തമാക്കി. ഇറാൻറെ ഭാഗത്തുനിന്നുള്ള ഇത്തരം ഏകപക്ഷീയമായ നീക്കങ്ങൾ ഇരുരാജ്യങ്ങളും തമ്മിലുള്ള ചർച്ചകളെയും സമാധാന ശ്രമങ്ങളെയും ബാധിക്കുമെന്നും മാർക്കോ റൂബിയോ മുന്നറിയിപ്പു നൽകി. ഇരുരാജ്യങ്ങളും തമ്മിലുള്ള തർക്കങ്ങൾ മുറുകുന്നതു മേഖലയിലെ സമുദ്ര ഗതാഗതത്തെ വീണ്ടും ആശങ്കയിലാഴ്ത്തി.

# തൃണമൂലിൽ പിളർപ്പ് രൂക്ഷം; മമത പക്ഷവും വിമതരും പുതിയ ഭാരവാഹികളുടെ പട്ടിക തെരഞ്ഞെടുപ്പ് കമ്മീഷന് നൽകി

കോൽക്കത്ത: തൃണമൂൽ കോൺഗ്രസിലെ ആഭ്യന്തര തർക്കങ്ങളും വിമതനീക്കങ്ങളും പുതിയ തലത്തിലേക്ക്. പാർട്ടി അധ്യക്ഷ മമത ബാനർജിയുടെ നേതൃത്വത്തിലുള്ള ഔദ്യോഗിക പക്ഷവും വിമത വിഭാഗവും പുതിയ ഭാരവാഹികളുടെയും ദേശീയ വർക്കിംഗ് കമ്മിറ്റി അംഗങ്ങളുടെയും വെവ്വേറെ പട്ടികകൾ തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിച്ചു. മമത അനുകൂലികൾ നൽകിയ പട്ടിക പ്രകാരം മമത ബാനർജി തന്നെയാണ് അഖിലേന്ത്യാ തൃണമൂൽ കോൺഗ്രസിൻറെ അധ്യക്ഷ. സുബ്രത ബക്ഷി ഉപാധ്യക്ഷനും അഭിഷേക് ബാനർജി ദേശീയ ജനറൽ സെക്രട്ടറിയായും തുടരും. എന്നാൽ കഴിഞ്ഞ ദിവസം പ്രത്യേക യോഗം ചേർന്ന വിമതർ പുതിയ സമാന്തര സംഘടന രൂപീകരിക്കുകയും മുൻ മന്ത്രി അരൂപ് റോയിയെ പുതിയ അധ്യക്ഷനായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഈ ഭാരവാഹി പട്ടികയാണ് വിമത നേതാവ് ഋതബ്രത ബാനർജിയുടെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷന് കൈമാറിയത്.

പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിയോട് പരാജയപ്പെട്ടതിന് പിന്നാലെയാണ് തൃണമൂലിൽ പരസ്യമായ കലാപം പൊട്ടിപ്പുറപ്പെട്ടത്. പാർട്ടിയിലെ 80 എംഎൽഎമാരിൽ 65 പേരുടെ പിന്തുണ തങ്ങൾക്കുണ്ടെന്നാണ് വിമത പക്ഷത്തിൻറെ അവകാശവാദം. കൂടാതെ, പാർട്ടിയുടെ 28 ലോക്സഭാ എംപിമാരിൽ 20 പേരും മമതയുമായി തെറ്റിപ്പിരിഞ്ഞ് നാഷണലിസ്റ്റ് സിറ്റിസൺസ് പാർട്ടി ഓഫ് ഇന്ത്യയിൽ ലയിച്ച് കേന്ദ്രത്തിലെ ബിജെപി സർക്കാരിനെ പിന്തുണയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. പാർട്ടിയിലുണ്ടായ ഈ പിളർപ്പിൽ നിന്നും തൃണമൂൽ കോൺഗ്രസ് ഇനി ഒരിക്കലും കരകയറില്ലെന്ന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി സുവേന്ദു അധികാരി നിയമസഭയിൽ പരിഹസിച്ചു. അതേസമയം, സമാന്തര കമ്മിറ്റി രൂപീകരിച്ച വിമത നേതാക്കൾക്ക് മമത പക്ഷം കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുണ്ട്.

## ഫുട്ബോൾ ബാനറുകളിലെ ചുരുട്ട് വലിക്കുന്ന ചിത്രം മറച്ച് ആരാധകർ

ആലപ്പുഴ: ലോകകപ്പ് ഫുട്ബോൾ ബാനറുകളിൽ പ്രമുഖ താരങ്ങൾ ചുരുട്ട് വലിക്കുന്ന ചിത്രം മറച്ച് ആരാധകർ. ഹെൽത്ത് ഇൻസ്പെക്ടർമാർ നൽകിയ നിർദേശത്തെ തുടർന്ന് ചുരുട്ട് വലിക്കുന്ന ഭാഗം മാത്രം സ്റ്റിക്കർ ഉപയോഗിച്ച് മറയ്ക്കുകയായിരുന്നു. അർജൻറീന, ബ്രസീൽ ആരാധകരുടെ ബാനറുകളിലായിരുന്നു ഇത്തരം ചിത്രം പ്രത്യക്ഷപ്പെട്ടത്. ചിത്രം നീക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെ കൗൺസിലർമാർക്ക് ആരോഗ്യ വകുപ്പ് നിർദേശം നൽകിയിരുന്നു. പിന്നാലെ പൊതുജനങ്ങൾക്കായി മുന്നറിയിപ്പും പുറപ്പെടുവിച്ചിരുന്നു. ലോകകപ്പ് ഫുട്ബോൾ പോസ്റ്ററുകളുടെ പേരിൽ പുകയില ഉത്പന്നങ്ങളുടെ പരസ്യം ഉൾപ്പെടുത്തി പോസ്റ്ററുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണെന്നാണ് മുന്നറിയിപ്പിലുണ്ടായിരുന്നത്. പോസ്റ്ററുകൾ ഉടൻ നീക്കം ചെയ്യുകയോ മറയ്ക്കുന്ന തരത്തിൽ തിരുത്തലുകൾ വരുത്തുകയോ ചെയ്യണമെന്നും ഇല്ലെങ്കിൽ നിയമനടപടിയുണ്ടാകുമെന്നും മുന്നറിയിപ്പ്.

# നീരവ് മോദിക്ക് വീണ്ടും തിരിച്ചടി; ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 100 കോടിയിലധികം രൂപ നൽകാൻ ലണ്ടൻ കോടതി ഉത്തരവ്

ലണ്ടൻ: തടവിൽ കഴിയുന്ന വിവാദ വജ്രവ്യാപാരിയും ഇന്ത്യൻ ബാങ്കുകളെ വെട്ടിച്ച് മുങ്ങിയതുമായ നീരവ് മോദിക്ക് യുകെയിൽ പുതിയ നിയമപരമായ തിരിച്ചടി. ദുബായ് ആസ്ഥാനമായുള്ള കമ്പനിക്ക് നൽകിയ വായ്പയുമായി ബന്ധപ്പെട്ട കേസിൽ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 10.7 ദശലക്ഷം യുഎസ് ഡോളർ (100 കോടിയിലധികം രൂപ) തിരികെ നൽകാൻ ലണ്ടനിലെ സർക്യൂട്ട് കൊമേഴ്സ്യൽ കോടതി ഉത്തരവിട്ടു.

2012ൽ നീരവ് മോദിയുടെ ഉടമസ്ഥതയിലുള്ള 'ഫയർസ്റ്റാർ ഡയമണ്ട് എഫ്ഇസഡ്ഇ' എന്ന ദുബായ് കമ്പനിക്ക് ബാങ്ക് ഓഫ് ഇന്ത്യ വായ്പ അനുവദിച്ചിരുന്നു. വായ്പ തിരിച്ചടച്ചില്ലെങ്കിൽ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുമെന്ന് കാണിച്ച് 2012 ഓഗസ്റ്റിൽ നീരവ് മോദി ഒപ്പിട്ടു നൽകിയ വ്യക്തിഗത ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിലാണ് കോടതി ഇപ്പോൾ വിധി പ്രസ്താവിച്ചത്. വായ്പയുടെ അസ്സൽ തുകയായ 4.1 ദശലക്ഷം ഡോളറും (ഏകദേശം 38.9 കോടി രൂപ), ഇതിന്മേൽ ബാങ്ക് ഈടാക്കിയ പലിശയും ചേർത്താണ് മൊത്തം തുക 10.7 ദശലക്ഷം ഡോളറായി നിശ്ചയിച്ചത്. തനിക്ക് ബാങ്കിൽ നിന്ന് ഡിമാൻഡ് നോട്ടീസുകൾ ലഭിച്ചിട്ടില്ലെന്നും വായ്പ റദ്ദാക്കിയ നടപടി നിയമപരമല്ലെന്നുമുള്ള നീരവ് മോദിയുടെ വാദങ്ങൾ കോടതി പൂർണമായും തള്ളി. നിലവിൽ ലണ്ടനിലെ തേംസൈഡ് ജയിലിൽ കഴിയുന്ന മോദിക്ക് ഒക്ടോബർ 2025ലെ നോട്ടീസ് ജയിലിൽ വെച്ച് കൃത്യമായി കൈപ്പറ്റിയിട്ടുണ്ടെന്ന് ജഡ്ജി സൈമൺ ടിങ്ക്ലർ ചൂണ്ടിക്കാട്ടി. പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് 13,000 കോടി രൂപ തട്ടിയ കേസിൽ പ്രധാന പ്രതിയാണ് നീരവ് മോദി. 2018ൽ ഈ തട്ടിപ്പ് വിവരങ്ങൾ പുറത്തുവന്നതോടെയാണ് ഫയർസ്റ്റാർ ഗ്രൂപ്പിൻറെ സാമ്പത്തിക ഭദ്രത തകർന്നതും ബാങ്ക് ഓഫ് ഇന്ത്യ നൽകിയ വായ്പ തിരിച്ചടവ് മുടങ്ങിയതും. ലണ്ടൻ ജയിലിൽ കിടന്ന് നീരവ് മോദി പോരാടുന്നതിനിടയിലാണ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയ സിവിൽ കേസിൽ ഈ പുതിയ കോടതി ഉത്തരവ് വന്നിരിക്കുന്നത്.

# കാലിഫോർണിയയിൽ ലൈബ്രറിയിൽ വെടിവയ്പ്; രണ്ടു മരണം

വാഷിംഗ്ടൺ ഡിസി: അമേരിക്കയിലെ വടക്കൻ കാലിഫോർണിയയിൽ ലൈബ്രറിയിലുണ്ടായ വെടിവയ്പിൽ രണ്ടു പേർ കൊല്ലപ്പെട്ടു. ജേക്കബ് ഹൾ (46), റോബർട്ട് ജോൺസൺ (74) എന്നിവരാണ് മരിച്ചത്. ചിക്കോയിലെ ബട്ട് കൗണ്ടി ലൈബ്രറിക്കുള്ളിലാണ് സംഭവം. രക്ഷപ്പെടാൻ ശ്രമിച്ച 18 വയസുകാരനായ പ്രതിയെ പോലീസ് പിടികൂടി. ആദ്യം ലൈബ്രറിക്കുള്ളിൽ കുറച്ചു സമയം ചിലവഴിച്ച പ്രതി പിന്നീട് അയാളുടെ വാഹനത്തിലേക്ക് പോയി തോക്കുമായി തിരികെ വന്ന് വെടിയുതിർക്കുകയായിരുന്നു.

ലൈബ്രറിയുടെ പ്രവേശന കവാടത്തിൽ വച്ച് പ്രതി ഒരാളുടെ കാലിലും തലയിലും വെടിവച്ചു. തുടർന്ന് അകത്തു കയറി നിരവധി തവണ വെടിയുതിർക്കുകയും ചെയ്തതയായി പോലീസ് പറഞ്ഞു. പരിക്കേറ്റ ഒരു കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആക്രമണകാരണം വ്യക്തമല്ല. ഗുരുതരമായ ഭീഷണിയൊന്നുമില്ലെന്നും വെടിവയ്പ്പിനെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ടെന്നും പോലീസ് പറഞ്ഞു.